
# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

Editor
THE BIBLE TEACHER
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**

P. K. VARGHESE　　　　J. C. CHOATE

***　　***　　***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4　　August 1990　　No. 5





നന്മ ചെയ്തവരും തിന്മ ചെയ്തവരും അല്ലാത്തവരും മരിക്കും. അത് ദൈവനിശ്ചയമാണ്. ജീവിക്കുവാൻ അവസരം കിട്ടിയാൽ ദൈവേഷ്ടപ്രകാരം ജീവിച്ച് മരിക്കുന്നവരാണ് ഭാഗ്യവാൻമാർ. ''നല്ലവരെ ഒക്കെ ദൈവം ആദ്യമങ്ങു വിളിക്കും, അല്ലാത്തവരെ പിന്നെ'' എന്ന തത്വം ശരിയല്ല. പഴയ നിയമത്തിൽ നാം നോക്കുമ്പോൾ ദുഷ്ടൻമാരെയാണ് ദൈവം നശിപ്പിച്ചിരുന്നത്- നീതിമാന്മാരെ അതിൽ നിന്നും വിടുവിച്ചിരുന്നു. പുതിയ നിയമ കാലയളവായ ഇന്ന് അതും മാറിയിരിക്കുന്നു. ഇന്നു ദീർഘക്ഷമയുടെ കാലമാണ്. അതുകൊണ്ട് മുൻപേ മരിക്കുന്നവർ ഭാഗ്യവാന്മാർ എന്നോ പിൻപേ മരിക്കുന്നവർ ഭാഗ്യഹീനർ എന്നോ നാം കരുതരുത്. പക്ഷേ ഓരോരുത്തരുടെ ആയുസ് ദൈർഘ്യം സൃഷ്ടാവായ ദൈവത്തിൽ നിക്ഷിപ്തമാണ്. 'ഒരു പക്ഷേ നമുക്ക് കൂടുതൽ കാലം' ജീവിക്കാൻ നല്കിയിരിക്കുന്നത്, നമ്മുടെ തെറ്റുകൾ തിരുത്തുവാനോ ദൈവത്തിന് നാം പ്രവൃത്തി ചെയ്യുന്നതിനോ വേണ്ടിയാകാം. മരണത്തെ അഭിമുഖീകരിക്കുന്നതിന് മുൻപ് ദൈവത്തിന്റെ കല്പനകൾ ഭയപ്പാടോടെ പ്രമാണിച്ച് ഭക്തിപൂർവ്വം അവനെ സേവിക്കുക. പരമ പ്രധാനമായ ഈ കർത്തവ്യം ആരും മറക്കരുത്. നീതിമാനായ ദൈവത്തിന്റെ കൈയ്യിൽ വീഴുന്നത് എത്ര ഭയങ്കരം!

പികെ വർഗീസ്

# തിരുവെഴുത്തിൻെറ പുതിയ പരിഭാഷകൾ

## J. C. ചോട്ട്

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ വേദപുസ്തകം അനവധി പരിഭാഷകൾ നടത്തി ഇറക്കിയിട്ടുണ്ട്. പുതിയ ഇത്തരം തർജ്ജുമ ചെയ്യപ്പെട്ട പുസ്തകങ്ങളെ നാം വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണു. ഇതിനോടുള്ള സമീപനം എന്തായിരിക്കണം.? അവയെ നാം എങ്ങനെ കൈകാര്യം ചെയ്യും? നാം അതു സ്വീകരിക്കണോ അതോ തിരസ്ക്കരിക്കണോ? എന്തുകൊണ്ട്?

തിരുവെഴുത്തിൽ താൽപ്പര്യ ജനകമായ ധാരാളം കാര്യങ്ങൾ ഉണ്ട് എന്നതു അത്ഭുതകരമാണ്. എന്നാൽ ആത്മാർത്ഥമായ ഒരു ശ്രമത്തിൽ കൂടെ വാസ്തവമായതും ശരിയായതുമായ പരിഭാഷയാണെങ്കിലേ ലേഖന കർത്താവിൻെറ ഉദ്ദേശം വ്യക്തമാകു. ദൈവ വചനം അതിൻെറ മൂലഭാഷയായ എബ്രായയിലും ഗ്രീക്കിലും എഴുതപ്പെട്ട ശേഷം അതു ഇംഗ്ലീഷിലേക്കും മററ് ധാരാളം പ്രാദേശിക ഭാഷകളിലേക്കും തർജ്ജുമ ചെയ്യപ്പെട്ടു. അതു അതേപോലെ എഴുതപ്പെട്ടില്ലെങ്കിൽ അപകടകരമാണ്. ദൈവ ജനത്തെ ആക്രമിക്കുന്നതിനു ശത്രു ഇതൊരു ആയുധമാക്കി ഉപയോഗിക്കും. തന്നെയുമല്ല, ബൈബിൾ ദൈവത്തിൻെറ വചനമെന്ന അവരുടെ വിശ്വാസത്തെ തന്നെ അതു തരം താഴ്ത്തി കാണിച്ചേക്കാം.

അടുത്തകാലത്തു പ്രസിദ്ധീകരിക്കപ്പെട്ട പരിഭാഷകൾ എല്ലാം തന്നെ ഒരു വ്യക്തിയാൽ നടന്നതായി കാണപ്പെടുന്നു. ഇതു പലപ്പോഴും നല്ലതല്ല; കാരണം അയാൾ തൻെറ ജോലിയിൽ വ്യക്തിപരമായ ആശയങ്ങളും അഭിപ്രായങ്ങളും അറിയാതെ കടന്നു സ്വാധീനിക്കാനിടയുണ്ട്. ഉദാഹരണമായി കെന്നത്ത് ടെയ്ലർ എന്ന വ്യക്തി തിരുവെഴുത്തുകളെ ഭാഷാന്തരം ചെയ്തപ്പോൾ അദ്ദേഹത്തിൻെറ മത വിശ്വാസത്തേയും ആചാരത്തേയും അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ''ദ ലിവിങ്ങ് ബൈബിളിൽ'' നമുക്കു വായിക്കുവാൻ കഴിയും. ഇത്തരം തർജ്ജുമകൾ ചെയ്യുമ്പോൾ അതു ദൈവ

ത്തിൻെറ വചനമാകയാൽ പലരും ചേർന്നിരുന്ന് പദ പ്രയോഗങ്ങൾ താരതമ്മ്യം ചെയ്തു അന്തിമ തീരുമാനമെടുക്കുന്നതാണ് ഉചിതമായിട്ടുള്ളത്. ഇങ്ങനെ ചെയ്താൽ പോലും ചിലപ്പോൾ പ്രശ്നങ്ങൾ ഉണ്ടാവാനിടയുണ്ട് എന്നതും ഓർമ്മിപ്പിക്കട്ടെ. കാരണം ഇന്ന് ആരും ദൈവശ്വാസീയരായിട്ടില്ല എന്നതാണ്.

ഈ പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ കാണപ്പെടുന്ന ചില തെററുകൾ ഇവയാണ്. മറിയ ഒരു സാധാരണ യുവതി എന്നതിൽ ഉപരിയായി അവൾ കന്യകയായിരുന്നു എന്നു പ്രതിപാദിക്കുന്നില്ല. പത്രോസ് എന്ന പാറമേൽ സഭ പണിയുമെന്നാണ് അവർ എഴുതിയിരിക്കുന്നത്. രക്ഷ വിശ്വാസത്താൽ മാത്രം ലഭിക്കുന്ന ഒന്നു എന്നും അതിൽ അവർ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു ദൈവത്തിൻെറ അരുളപ്പാടുകൾക്കു കടക വിരുദ്ധമാണ്.

ഇംഗ്ലീഷ് ഭാഷയിൽ മാത്രമല്ല, മററു പല ഭാഷകളിലും ഇതു വാസ്തവമാണ്. മതിയായ യോഗ്യതയില്ലായ്മ, പാണ്ഡിത്യമുള്ളവരുമായി ചർച്ച ചെയ്യാതിരിക്കുക, നാമധേയ വിഭാഗത്തിൽ ചായ്വുള്ള വ്യക്തിയാൽ ചെയ്യപ്പെടുക എന്നിവ പലപ്പോഴും പിശകുകൾ വരുത്തുവാൻ ഇടയാക്കും. ചിലപ്പോൾ മൂല ഭാഷയിൽ നിന്നും തർജ്ജുമ ചെയ്യാതെ ഇംഗ്ലീഷിൽ നിന്നും ഭാഷാന്തരം വരുത്തുമ്പോൾ അർത്ഥ വ്യത്യാസം വന്നു പോകും. ഇതെല്ലാം ദോഷ ഫലം ഉളവാക്കുമെന്നതിനു സംശയമില്ല.

എല്ലാവരും എബ്രായ ഭാഷയും ഗ്രീക്കു ഭാഷയും പഠിച്ചിട്ടു വേണം ദൈവ വചന പരിഭാഷ നടത്തുവാൻ എന്നല്ല ഞങ്ങൾ പറയുന്നത്, മറിച്ച് അവർ ഈ ഭാഷകളിൽ നിന്നും മററു ഭാഷകളിലേക്കു വാക്കുകൾ മാററുമ്പോൾ മൂല ഭാഷകളിൽ ഉപയോഗിച്ചതായ അതേ അർത്ഥം വായിക്കുന്നവരിൽ കിട്ടുമോ എന്നു ശ്രദ്ധിക്കണമെന്നാണ്. അല്ലെങ്കിൽ അതു വിപരീത ഫലം ഉളവാക്കുമെന്നതിൽ രണ്ടു പക്ഷമില്ല. ആത്മീയ കാര്യങ്ങൾ ആത്മീയമായിത്തന്നെ വിവേചിക്കേണ്ടതാകുന്നു. ലോക പ്രകാരമുള്ള ജ്ഞാനം മാത്രമായാലും അവിടെയും കുഴപ്പം നേരിടാം.

പുരാതന ശൈലിക്ക് ഒരു പക്ഷേ ആധുനിക കാലയളവിൽ അഭംഗിയുള്ളതായി തോന്നിയേക്കാം. അതുപരിഹരിക്കുവാനുള്ള ശ്രമത്തിൽ ചിലർ ചെയ്യുന്ന തർജ്ജുമകൾ വായിക്കുന്നവർക്കു ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന വ്യത്യാസംകടന്നുകൂടിയാൽ അതുഅപാകത തന്നെയാണ്. ദൈവത്തിൻെറ വചനത്തെ കലക്കി കളയുവാൻ നാം ഒരിക്കലും അനുവദിക്കരുത്. ദൈവത്തിൻെറ ഉദ്ദേശവും ആഗ്രഹവും വാക്യങ്ങളിൽ കൂടെ മനുഷ്യരെ ബോധവാന്മാരാക്കി തീർക്കുവാൻ നല്കപ്പെട്ട ഈ ഗ്രന്ഥം

എല്ലാ വിധത്തിലും അതിൻെറ അടിസ്ഥാന വിശുദ്ധി പരിപാലിക്കപ്പെടേണ്ടിയിരിക്കുന്നു.

ദൈവം സർവ്വശക്തനാണ്. അവൻെറ ശക്തി ഉൾക്കൊള്ളുന്ന വചനത്തെ ദൈവം തന്നെയാണല്ലോ നല്കിയത്. ആകയാൽ നമുക്കു വേണ്ടി അവൻെറ ഇഷ്ടത്തെ വെളിപ്പെടുത്തിയിരിക്കുന്ന ആ വാക്യങ്ങളെ കാത്തു സൂക്ഷിക്കുവാൻ അവൻ മതിയായവനാണ്.. ദൈവത്തെക്കാളും ദൈവത്തിൻെറ വചനത്തേക്കാളും അധികം മാനുഷിക സംഘടനകളേയും അവരുടെ ഉപദേശങ്ങളേയും സ്നേഹിക്കുന്നവരാണ് ഇത്തരം മോശമായ പരിഭാഷകൾ നടത്തുന്നതു. എന്നാൽ ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവരും അവൻെറ ഇഷ്ടം പൂർണ്ണമായി മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവരും വാക്യങ്ങളെ ശരിയായി മനസ്സിലാക്കി ഭാഷാന്തരം നടത്തും. രേഖപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തുകൾ എല്ലാം ദൈവശ്വാസീയമായിരുന്നു. (2 തിമൊഥെയോസ് 3:16, 17). തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നെ അറിഞ്ഞു കൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2 പത്രോസ് 1:20-21). തൻെറ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവൻെറ പരിജ്ഞാനത്താൽ അവൻെറ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലൊ. ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും, എന്നാൽ ദൈവത്തിൻെറ വചനം എന്നേക്കും നില നില്ക്കും.

അതുകൊണ്ട് ദൈവത്തിൻെറവചനം നാം വായിക്കുമ്പോഴും കേൾക്കുമ്പോഴും നമ്മുടെ ഹൃദയത്തിൽ വിശ്വാസം വളരുന്നു (2 തിമൊഥെയോസ് 2:15; റോമർ 10:17) നാം അതു ഹൃദയ പൂർവ്വം അനുസരിക്കുമ്പോൾ ആ സത്യം നമ്മെ രക്ഷിക്കുന്നു (യാക്കോബ് 1:22; വെളിപ്പാട് 22:14). അതേ സമയം എല്ലാ വേദപുസ്തക തർജ്ജുമകളും മായം കലരാത്ത ദൈവത്തിൻെറ വചനമാണെന്ന് വിചാരിച്ച് നാം വഞ്ചിക്കപ്പെടരുത്, വാക്യങ്ങളെ തെറ്റായി ഭാഷാന്തരം നടത്തുകയോ അർത്ഥവ്യത്യാസം വരുത്തുകയോ ചെയ്തത് വിശ്വസിച്ച് തെറ്റിനെ പിൻഗമിക്കുന്നവർ നഷ്ടപ്പെട്ടു പോകും എന്ന് മുന്നറിയിച്ചുകൊള്ളട്ടെ.

ഇനി തെറ്റുകൾ കൂടാതെയുള്ള പരിഭാഷ ഏത്? അത് നമുക്കെങ്ങനെ അറിയാം? എന്നു ചോദിച്ചേക്കാം, പുരാതനമായി നില നില്ക്കുന്ന വേദപുസ്തക പരിഭാഷയെ നമുക്കു സ്വീകരിക്കാം, പുതിയവയെ പഴയതുമായി താരതമ്മ്യം ചെയ്യുക. വൈപരീത്യം ഉണ്ടെങ്കിൽ അതു നല്ല തർജ്ജുമയായി സ്വീകരിക്കാവുന്നതല്ല. പിന്നീട് ഈ ഭാഷകൾ നല്ലതു പോലെ വശമുള്ള നമ്മുടെ സഹോദരന്മാരെ ആശ്രയിക്കു

കയും അവരോട് തർജ്ജുമ ചെയ്യപ്പെട്ട വേദപുസ്തകത്തിന്റെ അഭിപ്രായം ആരായുകയും ചെയ്യുക.

അന്ധമായി ഒന്നിനേയും അനുകരിക്കരുത് മുൻവിധി എല്ലാ കാര്യത്തിലും ശരിയായിരിക്കണമെന്നില്ല. അവസാനമായി ദൈവത്തിന്റെ വചനം മായം കലരാതെ വർത്തിക്കുവാൻ ദൈവം ഇച്ഛിക്കുന്നു. നിങ്ങളും ഞാനും ദൈവത്തിന്റെ ഇംഗിത നിവർത്തിക്കായി പ്രവർത്തിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അരുളപ്പാടുകൾ നമ്മെ വിശ്വാസത്തിലേക്കും, ക്രിസ്തുവിനെ സംബന്ധിച്ച പരിജ്ഞാനത്തിലേക്കും നമ്മെ നയിക്കുന്നു. അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാൽ സാദ്ധ്യമാക്കിയതും വിലക്കു വാങ്ങപ്പെട്ടതുമായ ഏക സഭയിലേക്കു അവൻ നമ്മെ ചേർക്കും. അവൻ, സ്വർഗ്ഗത്തിൽ അങ്ങനെയുള്ള തന്റെ സഭയിലുള്ളവരെ എന്നേക്കും ഇരുത്തുവാൻ വീണ്ടും വരും. ദൈവ വചനം വിശ്വസിച്ച് അനുസരിച്ച് രക്ഷിക്കപ്പെടുവാനും അങ്ങനെ നിത്യനാശം ഒഴിവാക്കുവാനും ദൈവം നമുക്ക് എല്ലാവർക്കും വഴി ഒരുക്കിയിരിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# സ്വർഗ്ഗത്തിൽ ആരെല്ലാം?

**ജോൺ S**

വെളിപ്പാട് 21-ാം അദ്ധ്യായം 1ഉം 2ഉം വാക്യങ്ങളിൽ യോഹന്നാൻ പറഞ്ഞത്, ''ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി: സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവ സന്നിധിയിൽ നിന്നു തന്നെ, ഇറങ്ങുന്നതും ഞാൻ കണ്ടു'' എന്നാണ്. അതിനു പൊക്കമുള്ള വൻ മതിലും പന്ത്രണ്ടു ഗോപുരവും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരുമുണ്ട് എന്നു പന്ത്രണ്ടാം വാക്യത്തിൽ നമ്മോടു പറഞ്ഞിരിക്കുന്നു. യിസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടേയും പേർ ഗോപുരത്തിൽ എഴുതീട്ടുമുണ്ട്. നഗരത്തിന്റെ മതിലിൽ പന്ത്രണ്ടു അടി

സ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ടു അപ്പോസ്തലന്മാരുടെ പന്ത്രണ്ടു പേരും ഉണ്ട് (വെളിപ്പാട് (21;14). നഗരം സമചതുരമായിരുന്നു. അതിന്റെ നീളം ആയിരത്തിരുന്നൂറ് നാഴിക നീളമുണ്ടായിരുന്നു. അപ്പോൾ അത്രയും വീതിയുമുണ്ടായിരുന്നു. നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കമായിരുന്നു. ഈ വിശുദ്ധ ഭവനത്തിന്റെ അടിസ്ഥാനങ്ങൾ സകല രത്നവും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. നിത്യനഗരത്തിന്റെ ഗോപുരങ്ങൾ പന്ത്രണ്ടു മുത്തും ഓരോ ഗോപുരവും ഓരോ മുത്തുകൊണ്ടുള്ളതുമായിരുന്നു. നഗരത്തിന്റെ വീഥിസ്വച്ഛസ്ഫടികത്തിനു തുല്യമായ തങ്കവും ആയിരുന്നു. എത്ര മനോഹരമാണ് സ്വർഗ്ഗത്തെ കുറിച്ചുള്ള വർണ്ണന. എന്നാൽ മുഖ്യമായ ഒരു കാര്യം ഈ വിസ്മയാവഹമായ സ്വർഗ്ഗത്തിൽ ആരെല്ലാം പോകും എന്നതാണ്.

## ആത്മീയമായി വളർന്നവർ

നമ്മുടെകർത്താവിന്റെ നിത്യമായ രാജ്യത്തിലേക്കുള്ള സമൃദ്ധമായ പ്രവേശനം ആർക്കെല്ലാമെന്ന് വിശദീകരിക്കുന്ന വേദഭാഗത്തെ പരിശോധിക്കുന്നതാണ് അത്യുത്തമം. എന്റെ നിർദ്ദേശത്തേക്കാൾ നിങ്ങൾക്കും എനിക്കും ഒരുപോലെ സ്വീകാര്യമായ ദൈവത്തിന്റെ പ്രസ്താവന തന്നെ ആധാരമായെടുക്കാം. ദൈവം നമുക്ക് അതിമഹത്തായ വാഗ്ദാനങ്ങൾ നല്കിയിട്ടുണ്ട് എന്ന് മുന്നറിയിച്ചശേഷം തുടരുന്നു ''അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു. നിങ്ങളുടെ വിശ്വാസത്തോടു വീര്യവും, വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദര പ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുമായി വർദ്ധിക്കുന്നുവെങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല.''

അവയില്ലാത്തവനോ കുരുടനത്രേ. അവൻ ഹ്രസ്വദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനും തന്നെ. അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രോസ് 1;5-11). അടിസ്ഥാനമായി വിശ്വാസവും അതിന്മേലുള്ള ശ്രമകരമായ നിർമ്മാണവും നടത്തുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്നാണ് ഈ സന്ദർഭത്തിൽ നാം മന

(ശേഷം 27--ാം പേജിൽ)

# ബൈബിൾ ഒരു സ്നേഹകുംഭം

## പോരേരി വിജയൻ

ക്രിസ്ത്യാനിയെന്നാൽ വിശാലചിന്താഗതിക്കാരനായ മനുഷ്യൻ എന്നാണർത്ഥം. ഒരു ക്രിസ്ത്യാനിക്ക് നിഘണ്ടുവിൽ പറയുന്ന ആ അർത്ഥത്തിനു പുറമെ സത്യവിശ്വാസിയെന്നും അസത്യനിഷേധിയെന്നും അർത്ഥം ചേരും. യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ സ്നേഹം എന്ന അച്ചുതണ്ടിൽ തിരിയുകയും മുകളിൽ പറഞ്ഞകാര്യങ്ങൾ ഉൾക്കൊള്ളുന്നതുമാണല്ലോ. ഒരു യഥാർത്ഥ ക്രിസ്ത്യാനി ആരാണ് എന്നതിനെപ്പററി യാക്കോബ് എഴുതിയ ലേഖനത്തിൽ പറയുന്നു: ''അനാഥരേയും വിധവമാരേയും സംരക്ഷിക്കുകയും ലോകവുമായുള്ള സമ്പർക്കം കൊണ്ട് കളങ്കപ്പെടാതെ കർത്താവിനോട് വിശ്വസ്തനായിരിക്കുകയും ചെയ്യുന്നവൻതന്നെ'' (1:27)

ദൈവവിശ്വാസം നമ്മെ ഒരു പരിപൂർണ്ണ മനുഷ്യനാക്കുന്നു. 'നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ' എന്ന ആപ്തവാക്യം മാത്രം മതിയോ? വിശ്വാസം കൊണ്ട് നേടാൻ കഴിയാത്തതായി ഒന്നുമില്ല എന്ന നിഗമനത്തിലാണ് ഇന്ന് ശാസ്ത്രജ്ഞൻമാർ. അതോടൊപ്പം പ്രവർത്തിയും അനിവാര്യമാണ്. ഒരിക്കൽ സോവിയററ് റഷ്യയിൽ സ്ററാലിൻ 12 ക്രിസ്തീയ കുട്ടികളെ വിളിച്ച് യേശുക്രിസ്തുവിന്റെ ഛായാപടത്തിൽ തുപ്പാൻ ആവശ്യപ്പെട്ടു. ഒരു കുട്ടിയൊഴികെ മററെല്ലാവരും മരണത്തെ ഭയന്ന് തുപ്പി. ''കർത്താവിന്റെ ഛായാപടത്തിൽ തുപ്പിയിട്ട് ജീവിതമല്ല, തുപ്പാതെയുള്ള മരണമാണ് ഞാൻ ഇഷ്ടപ്പെടുന്നത്'' എന്ന് ആ കുട്ടി സ്റ്റാലിനോട് ധൈര്യപൂർവ്വം പറഞ്ഞുവത്രെ. ധൈര്യം കാട്ടിയ ആ കുട്ടിയെ ഒഴിച്ച് മററെല്ലാവരേയും സ്റ്റാലിൻ നിഷ്കരുണം വെടിവെച്ചു കൊന്നു എന്നു പറയുന്നു. ഇത്തരം ധൈര്യമുള്ള കുട്ടികളെയായിരുന്നു നിർമ്മിത നിരീശ്വരവാദിയായ സ്റ്റാലിനു പോലും ആവശ്യമുള്ളത്. ഛായാപടം മനുഷ്യന്റെ സങ്കല്പം മാത്രമാണെന്ന് ചിന്തിക്കണം. തന്റെ വിശ്വാസത്തിനു മുമ്പിൽ പതറുകയായിരുന്നുവെങ്കിൽ ആ കുട്ടിയുടെ സ്ഥിതി എന്താകുമായിരുന്നു? മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു. ''നീതിനിമിത്തം പീഡനം സഹിക്കേണ്ടി വരുന്നവർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്'' (5:10) ഇതായിരിക്കാം ആ കുട്ടി

യ്ക്ക് പ്രചോദനം നല്കിയത്. പക്ഷേ വാസ്തവത്തിലുള്ള ദൈവ നീതിക്കുവേണ്ടി ഉപദ്രവം സഹിച്ച എത്രയോ ക്രിസ്ത്യാനികൾ ഒന്നാം നൂററാണ്ടിലുണ്ടായിരുന്നു.

കമ്യൂണിസ്റ്റ് താത്വികനായ സ്റ്റാലിൻ എഴുതി 'മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം ഭോഷത്വമാണ്' എന്ന് (Anti-Duhring). ഇതിന് നേരെ വിപരീതമായി 'നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക' എന്നു യേശുക്രിസ്തു പറഞ്ഞു. കമ്യൂണിസത്തിന്റെ നിർമ്മാണത്തിനു വേണ്ടി റഷ്യയിൽ 6½ കോടി ആളുകളെയാണ് സ്റ്റാലിൻ മാത്രം വധിച്ചത് എന്ന് ചരിത്രകാരനായ അൻറൊ ഓഫ് സയൻകോ രേഖപ്പെടുത്തിയിട്ടുണ്ട്. ചൈനയിൽ അതിനുവേണ്ടി 4 കോടി ജനങ്ങൾ വധിക്കപ്പെട്ടുവെന്ന് ഒരു ചൈനീസ് പണ്ഡിതൻ പറഞ്ഞിട്ടുണ്ട് (See-Readers Digest May-1981). കർത്താവിന്റെ വിശിഷ്ടമായ ഉപദേശത്തിൽ നിന്നുള്ള വ്യതിചലനം കൊണ്ടല്ലേ ഇതൊക്കെ സംഭവിച്ചത്? മാനസ്സികമായ ഉപദേശം കൊണ്ട് പ്രത്യയശാസ്ത്രസൃഷ്ടി നടത്തുന്നതിനുപകരം ശാരീരിക മർദ്ദനത്താൽ അതിന് കഴിയില്ല എന്ന് ഇപ്പോഴെങ്കിലും മനസ്സിലായില്ലേ? എത്രയെത്ര യുക്തിവാദികൾ (ആ സംജ്ഞ ശരിയോ?), സ്റ്റാലിന്റെ വലം കൈ ആയിരുന്ന മലങ്കോവ്പോലും കർത്താവിൽ വിശ്വസിച്ച് കമ്യൂണിസ്റ്റ് താത്വികരെ തള്ളിപറഞ്ഞില്ലേ? മതത്തോട് സവിശേഷമായ താല്പര്യം മനോരോഗലക്ഷണം തന്നെയെന്ന് 'മനോരോഗചികിത്സക്കുള്ള സഹായി' എന്ന പുസ്തകത്തിൽ റഷ്യക്കാർ മുമ്പ് എഴുതിയതും നിരീശ്വരത്വ പ്രചരണം നടത്താനുള്ള ലെനിന്റെ 'On Religion' നിലെ ആഹ്വാനവും കേവലം ഒരു കടങ്കഥയായി. തികച്ചും ഗണിതശാസ്ത്രപരമായ സന്തുലിതത്ത്വം പുലർത്തുന്ന ഒരു ശക്തിയെ കണ്ടുകൊണ്ടല്ലാതെ ഒരുചിന്തകന് ഈ പ്രപഞ്ചത്തെകാണാനൊക്കില്ല' എന്ന് ആൽബർട്ട് ഐൻസ്റ്റീൻ 'The world as I See it' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. ദൈവത്തെ നിഷേധിച്ചുകൊണ്ട് ഈ പ്രപഞ്ചത്തെ വ്യാഖ്യാനിക്കാൻ കഴിയില്ല എന്നല്ലേ അദ്ദേഹം പറഞ്ഞതിന്റെ സാരം? പ്രപഞ്ചത്തിന്റെ നിർമ്മാണത്തിലെ ആത്യന്തിക ഘടകം (Ultimate building block) പദാർത്ഥമാണ് എന്നവാദം മാക്സിനുശേഷം ഒരു നൂററാണ്ടു പോയിക്കഴിഞ്ഞു ശാസ്ത്രം നിരാകരിച്ചിട്ടും മാക്സിനും ലെനിനും തെററുപററുകയില്ലെന്ന് മൂഢാത്മാക്കൾ ഇപ്പോഴും വിശ്വസിക്കുന്നു. ഗ്ലാസ്നസ്തിനുശേഷം റഷ്യയിൽ ചെറിയ തോതിൽ മതത്തിന് അംഗീകാരം കൊടുത്തിട്ടുണ്ട്. 'സ്വന്തം ആത്മീയ ഭദ്രത നഷ്ടപ്പെട്ട ഒരു രാഷ്ട്രത്തിന് ഭാവിയില്ല എന്ന് റഷ്യൻ പ്രധാനമന്ത്രി റിഷ്കോവ് പറഞ്ഞിരിക്കുന്നു. ഒരു ഉറച്ച ആത്മീയ മനസ്സിൽ മാത്രമെ സത്ചിന്തകൾ തോന്നുകയുള്ളു. കപടവിശ്വാസത്തിന് ഇവിടെ സ്ഥാനമില്ല. 'യോഹന്നാൻ എഴുതിയ ഒന്നാമത്തെ ലേഖനത്തിൽ പറയുന്നു; 'ദൈവത്തെ സ്നേഹി

ക്കുന്നുവെന്ന് പറയുകയും തന്റെ സഹോദരന്മാരെ ദ്വേഷിക്കുകയും ചെയ്യുന്നവൻ കള്ളനാണ്'' എന്ന് (4:20). സർവ്വരേയും ഒരുപോലെ കരുതി ഒരുറച്ച സത്യവിശ്വാസിയായി ജീവിക്കുക. ദൈവം അതിന് തക്കതായ പ്രതിഫലം തരും. 'ശത്രുക്കളെ സ്നേഹിപ്പിൻ: നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ' (മത്തായി 5;44) മാനവ സമൂഹം എല്ലായ്പ്പോഴും സത്യ വഴി പിന്തുടരട്ടെ. ദ്വേഷ്ക്ക് മനുഷ്യരിൽ നിന്നുവരുന്നു. സത്യമോ അതു ദൈവത്തിൽ നിന്നു മാത്രം.

# ഒരാട്ടിൻ കൂട്ടവും ഒരിടയനും

(യോഹ: 10:16)

**എം. കെ. കുര്യൻ, കടാബാ**

''ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയേയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും.'' (യോഹ. 10:16) എന്ന് ക്രിസ്തു ജഡത്തിൽ വസിച്ചിരുന്ന കാലത്തു യെഹൂദന്മാരോട് ഒരിക്കൽ പറഞ്ഞിരുന്നു.

ഈ തൊഴുത്തിൽ എന്നു പറഞ്ഞിരിക്കുന്നത് യെഹൂദന്മാർ അഥവാ ഇസ്രായേലിനേയും, ഇതിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എന്നു പറഞ്ഞിരിക്കുന്നത് മററു സകല ജാതികളെയും അടിസ്ഥാനമാക്കിയാണ്. (മത്താ. 10:5-8) (യോഹ. 4:22) കൂടാതെ ''ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു''(യോഹ. 10:11) എന്നും ക്രിസ്തു പറഞ്ഞു. ഇപ്രകാരം ആടുകൾക്കു വേണ്ടി ക്രിസ്തു തന്റെ ജീവനെ കൊടുത്തു. അവൻ മരിച്ച് അടക്കപ്പെട്ടു. മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കയും തുടർന്നു ഈ തൊഴുത്തിലെ ആടുകളേയും അതിൽ ഉൾപ്പെടാത്ത വേറെ ആടുകളേയും അവന്റെ സഭയിൽ കൂടെ ഒരാട്ടിൻ കൂട്ടമാക്കേണ്ടതിനായി

(മത്താ. 16;18) അവൻ തന്റെ ശിഷ്യന്മാരെ നിയോഗിച്ച് അയക്കുകയും ചെയ്തു (യോഹ. 10:7 9) (മത്താ. 28:19,20) (മർക്കൊ.16; 15,16) (ലൂക്കൊ. 24:46-48). തുടർന്നു ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്കയും അതിനുശേഷമുള്ള ആദ്യത്തെ പെന്തക്കോസ്ത് ദിവസത്തിലും തുടർന്നും നിരവധി യഹൂദന്മാർ ക്രിസ്തുവിന്റെ സഭയാകുന്ന തൊഴുത്തിലേക്കു ചേർക്കപ്പെടുകയും (പ്രവൃ. 2:38-47) പിന്നീടു ജാതികളും ദൈവവചനം കൈക്കൊണ്ടു സഭയോടു ചേർക്കപ്പെടുകയും ചെയ്തു (പ്രവൃത്തി. 11:1-18) (റോമ 1:16). ഇപ്രകാരം ''ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും'' എന്നുള്ള ക്രിസ്തുവിന്റെ വാഗ്ദത്തം അപ്പോസ്തലന്മാരുടെ കാലത്തു തന്നെ നിവൃത്തീയാകയും ചെയ്തു (എഫെ. 2:11,22).

എങ്കിലും ക്രിസ്തുവിന്റെ ഈ പ്രസ്താവനയെ പററി വചന വിരുദ്ധമായ പ്രസ്താവനകൾ ചില ക്രിസ്തീയ സമുദായ സംഘടനകൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു. അവർ പറയുന്നത് ലോകാവസാനത്തോടുകൂടി സകലസമുദായ സംഘടനകളുംകൂടി ഏകീഭവിച്ച് ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും എന്നാണ്. എന്നാൽ സമുദായ സംഘടനകൾ എല്ലാം കൂടി ഏകീഭവിച്ചാൽ അവർക്ക് നമ്മെപ്പോലെ മനുഷ്യനായ ഒരു ഇടയനാണ് ഉണ്ടായിരിക്കുക. ആ ഇടയൻ ക്രിസ്തു വല്ല. ക്രിസ്തു പറയുന്നു; ''ഞാൻ നല്ല ഇടയൻ; പിതാവ് എന്നെ അറികയും, ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു'' (യോഹ. 10:14-15). ആയതിനാൽ മനുഷ്യനായ ഒരിടയന്റെ കീഴിൽ ഒന്നാകുന്ന ആട്ടിൻ കൂട്ടം ക്രിസ്തുവിനുള്ളവയല്ല, അവ ക്രിസ്തുവിനെ അറിയുന്നുമില്ല. കാരണം ക്രിസ്തു പറഞ്ഞതു ഒരാട്ടിൽ കൂട്ടവും പല ഇടയന്മാരും ആകുമെന്നല്ല, ''ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും'' എന്നാണ്. ആ ഏക ഇടയൻ ക്രിസ്തു മാത്രമാണ് (യോഹ 10;16). തിരുവചനത്തിൽ വ്യക്തമായ തെളിവുകൾ നൽകിയിരിക്കെ അതിനെ കോട്ടി മാട്ടി ദുരുപദേശങ്ങളാക്കി മാററുന്നവർ ദൈവ കോപത്തിന് ഇരയാകുമെന്ന് അവർ ചിന്തിക്കുന്നുപോലുമില്ല. (റോമ. 1:16-32). മത്തായി. 12:30-37) സങ്കീർത്തനം 50:10-12)

''എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചു പറിക്കയില്ല; അവയെ തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല. ഞാനും പിതാവും ഒന്നാകുന്നു.'' എന്നും പറഞ്ഞിരിക്കുന്നു (യോഹ. 10:26-30). ആയതിനാൽ വിവിധ ജാതിമതസ്ഥരായും, വിവിധ

സമുദായ സംഘടനകളായും ചിതറിയിരിക്കുന്ന നാമെല്ലാവരും ക്രിസ്തുവിന്റെ ശബ്ദം കേട്ട് (മർക്കൊ. 16:15, 16) അതിൽ വിശ്വസിച്ച് മാനസാന്തരപ്പെട്ടു (റോ. 10:17) (ലൂക്കൊ. 13:3) (പ്രവൃ. 17:30 31), യേശു ദൈവപുത്രൻ എന്ന് ഏററു പറഞ്ഞ് (മത്താ. 10:32) (പ്രവൃ. 8:37), (റോമ. 10: 9, 10), പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുമ്പോൾ പരിശുദ്ധാത്മ ദാനം ലഭിച്ച് രക്ഷിക്കപ്പെടുകയും കർത്താവു നമ്മെ അവന്റെ സഭയോടു ചേർക്കുകയും ചെയ്യും (പ്രവൃ. 2:38-47), അപ്പോൾ നാം എല്ലാവരും ഒരാട്ടിൻ കൂട്ടവും ക്രിസ്തു നമ്മുടെ ഏക ഇടയനും ആകും. ഈ ശബ്ദം കേൾക്കാത്തവർ ക്രിസ്തുവിന്റെ ആട്ടിൻ കൂട്ടമോ, അവനെ അനുഗമിക്കുന്നവരോ അല്ല. ആയതിനാൽ ക്രിസ്തു അവരേയും അറിയുന്നില്ല. (യോഹ: 10:26-27).

ദൈവവചനം ആത്മാർത്ഥതയോടെ സന്ദർഭോചിതമായി പഠിച്ച് അവയെ ഹൃദയ പൂർവ്വം അനുസരിക്കുന്നതിനും, തന്മൂലം ''ഒരാട്ടിൻ കൂട്ടവും ഒരിടയനും'' എന്നുള്ള സത്യം യാഥാർത്ഥ്യമാക്കുന്നതിനും നമുക്ക് ഓരോരുത്തർക്കും ദൈവ കൃപ നൽകുന്നതിനുമായി പ്രാർത്ഥിക്കാം.

**പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുമ്പോൾ പരിശുദ്ധാത്മ ദാനം ലഭിച്ച് രക്ഷിക്കപ്പെടുകയും കർത്താവ് നമ്മെഅവന്റെ സഭയോടു ചേർക്കുകയും ചെയ്യും (പ്രവൃ. 2:38 47).**

# നിർഭാഗ്യവാനായ ഒരു മനുഷ്യൻ

**ജോൺ. W.**

നിർഭാഗ്യകരമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. കഷ്ടതയും വേദനയും പീഢനവും നിന്ദയും പരിഹാസവും ദാരിദ്ര്യവും തുടരെ തുടരെ അനുഭവപ്പെടുമ്പോൾ എല്ലാവരും അവരുടെ അവസ്ഥ നിർഭാഗ്യമെന്ന് പറയാറുണ്ട്. ജീവിതത്തെ നാം നേരിടുക

യും അതിൽ നാം ചില പാഠങ്ങൾ പഠിക്കുകയും ചെയ്യുന്നു. ഈ ലേഖനത്തിൽ നാം കാണുവാൻ പോകുന്നത് ഏററവും വലിയ ഒരു ഭാഗ്യഹീനനെയാണ്. ദൈവ പുരുഷനും ദൈവത്തിന്റെ ഹൃദയത്തിനു ബോധിച്ചവനുമായ ദാവീദ് അങ്ങനെയുള്ള ഈ മനുഷ്യനോട് അനുകമ്പയും ദയയും പ്രകടിപ്പിക്കുന്നു. നമ്മുടെ സമൂഹത്തിൽ എത്രയോ ആളുകൾ ഇത്തരം യാതനകളിൽ കഴിയുന്നുണ്ട്. അവരെ അനുഭാവപൂർവ്വം ഒന്ന് ആശ്വസിപ്പിക്കുവാനും വേണ്ട ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താനും മുന്നോട്ടു വരുന്നവർ എത്ര പേരുണ്ട് എന്നു ചിന്തിക്കുക.

ശൌലിന്റെ മകനായ യോനാഥാനു രണ്ടുകാലും മുടന്തായിട്ടു ഒരു മകൻ ഉണ്ടായിരുന്നു. യിസ്രയേലിൽ നിന്നു ശൌലിന്റേയും യോനാഥാന്റേയും വർത്തമാനം എത്തിയ സമയം അവനു അഞ്ചു വയസ്സായിരുന്നു. അപ്പോൾ അവന്റെ ധാത്രി അവനെ എടുത്തുകൊണ്ട് ഓടി; അവൾ ബദ്ധപ്പെട്ടു ഓടുമ്പോൾ അവൻ വീണു മുടന്തനായിപ്പോയി. അവനു മെഫീബോശെത്ത് എന്നു പേർ. അവനെ ആരംഭത്തിൽ മെരിബ്ബാൽ എന്നു പേർ വിളിച്ചിരുന്നു. അതിന്റെ അർത്ഥമോ ബാലനോടുകൂടെ പോരാടുന്നവൻ എന്നാണ് (1 ദിനവൃത്താന്തം 8;34)

ആ മുടന്തനായ വ്യക്തിയുടെ യുവത്വം തികച്ചും ഇരുളടഞ്ഞതായിരുന്നു. ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ അവന്റെ പിതാവും ബന്ധുക്കളിൽ നല്ലൊരു പങ്കും കൊല്ലപ്പെട്ടു.(1 ശമുവേൽ 31:1.4)അനന്തരം ദാവീദ്, ഞാൻ യോനാഥാന്റെ നിമിത്തം ദയ കാണിക്കേണ്ടതിന്നു ശൌലിന്റെ കുടുംബത്തിൽ ആരെങ്കിലും ശേഷിച്ചിരിക്കുന്നുവോ എന്നു അന്വേഷിച്ചു. എന്നാൽ ശൌലിന്റെ ഗൃഹത്തിൽ സീബാ എന്നു പേരുള്ള ഒരു ഭൃത്യൻ ഉണ്ടായിരുന്നു; അവനെ ദാവീദിന്റെ അടുക്കൽ വിളിച്ചുവരുത്തി. രാജാവ് അവനോടു: നീ സീബയോ എന്നു ചോദിച്ചു. അടിയൻ എന്നു അവൻ പറഞ്ഞു. ഞാൻ ദൈവത്തിന്റെ ദയ കാണിക്കേണ്ടതിന്നു ശൌലിന്റെ കുടുംബത്തിൽ ആരെങ്കിലും ഉണ്ടോ എന്നു രാജാവു ചോദിച്ചതിന്നു: രണ്ടു കാലും മുടന്തായിട്ടു യോനാഥാന്റെ ഒരു മകൻ ഉണ്ട് എന്നു സീബാ രാജാവിനോടു പറഞ്ഞു. അവൻ എവിടെ എന്നു രാജാവു ചോദിച്ചതിനു ലോദേബാരിൽ അമ്മിയേലിന്റെ മകനായ മാഖീരിന്റെ വീട്ടിലുണ്ടു എന്നു പറഞ്ഞു. അപ്പോൾ ദാവീദ് രാജാവ് ആളയച്ച് അവനെ വരുത്തി. ശൌലിന്റെ മകനായ യോനാഥാന്റെ മകൻ മെഫീബോശെത്ത് ദാവീദിന്റെ അടുക്കൽ വന്നു സാഷ്ടാംഗം വീണു നമസ്കരിച്ചു.

''ദാവീദ്, മെഫീബോശെത്തിനോടു ഭയപ്പെടേണ്ട; നിന്റെ അപ്പനായ യോനാഥാന്റെ നിമിത്തം ഞാൻ നിന്നോടു ദയകാണിച്ചു നിന്റെ അപ്പനായ ശൌലിന്റെ നിലമൊക്കെയും നിനക്കു മടക്കി തരുന്നു.

# കുടുംബപ്രശ്നവും പരിഹാരവും

പ്രിയ ബൈബിൾ ട്രൂത്ത് എഡിററർക്ക്,

വിവാഹം കഴിഞ്ഞ് ആറു വർഷത്തിനിടയിൽ 2 കുട്ടികളുടെ മാതാവായിതീർന്ന ഒരു പെൺകുട്ടിയാണ് ഞാൻ. രണ്ടും നാലുംവയസു പ്രായമുള്ള പിഞ്ചുകുഞ്ഞുങ്ങളെ എന്നെ ഏൽപ്പിച്ചിട്ട് എൻെറ ഭർത്താവ് ഒരു രാത്രിയിൽ അപ്രത്യക്ഷമായി. എവിടെ പോയി എന്നോ? എന്തിനു പോയി എന്നോ അറിഞ്ഞില്ല. എൻേറയും ഭർത്താവിൻേറയും ആളുകൾ അന്വേഷിക്കാത്ത സ്ഥലങ്ങളില്ല. പത്രത്തിലും റേഡിയോവിലും പോലീസ് സ്റ്റേഷനിലും എല്ലാം അറിവു കൊടുത്തിരുന്നു. അൽപ്പം പൈസ കൈവശമുണ്ടായിരുന്നതു ഈ അന്വേഷണത്തിനായി ചെലവിട്ടു. അദ്ദേഹത്തിനു സാമാന്യം നല്ല ജോലിയും വരുമാനവും ഉള്ളതുകൊണ്ട് ഞങ്ങൾക്കു യാതൊരു വിഷമവുമില്ലായിരുന്നു. എൻെറ ഈ വിപത്തിൽ സഹതാപം തോന്നിയ എൻെറ വീട്ടുകാർ എന്നെ വീട്ടിലേക്കു ചെല്ലുവാൻ നിർബ്ബന്ധിച്ചതാണ്. പക്ഷേ അവിടെ അവർക്കുള്ള ബുദ്ധിമുട്ട് അറിയാവുന്നതുകൊണ്ട് ഞാൻ ഒരു ഭാരമായി തീരരുതല്ലോ എന്നു വിചാരിച്ച് ഞാൻ ഭർത്താവിൻെറ വീട്ടിൽ തന്നെ താമസിച്ചു. അദ്ദേഹത്തിനു രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. അവരെല്ലാം അദ്ദേഹത്തിൻെറ താഴെയുള്ളവരാണ്.

പട്ടിണി കിടന്നാൽ ശാരീരിക ക്ഷീണവും വിശപ്പും മാത്രമേ എന്നെ അലട്ടുകയുള്ളു. എന്നാൽ പ്രശ്നമതല്ല; അദ്ദേഹത്തിൻെറ ഒരു സഹോദരൻ ആത്മാർത്ഥതയോടെ എൻേറയും കുട്ടികളുടേയും കാര്യത്തിൽ ശ്രദ്ധചെലുത്തുന്നുണ്ട്. എന്നാൽ അദ്ദേഹത്തിൻെറ സഹോദരിമാർ ഈ പെരുമാററത്തെ സംശയിക്കുക മാത്രമല്ല, അർത്ഥം വെച്ച് ഒരോന്ന് പറഞ്ഞ് എന്നെ വേദനിപ്പിക്കുന്നു. നാട്ടുകാർ പറയുന്നതു കേൾക്കുമ്പോൾ എനിക്ക് അത്ര തന്നെ വിഷമം തോന്നിയിരുന്നില്ല. എന്നാൽ എൻെറ ഭർത്താവിൻെറ തിരോധാനത്തിൽ അദ്ദേഹത്തിൻെറ സ്വന്തം സഹോദരിമാർ എന്നെ കുററപ്പെടുത്തുന്നതു സഹിക്കാൻ കഴിയുന്നില്ല. സാമ്പത്തികമായി എനിക്കുയാതൊരു വരുമാനവുമില്ല. ഇല്ലെങ്കിൽ ഞാൻ ഇവരെ ആശ്രയിക്കാതെ ജീവിക്കുമായിരുന്നു. ഈ ദൂഷണവൃത്തിൽ നിന്നുംദുരാരോപണത്തിൽ നിന്നും ഒഴിവായി കിട്ടുവാൻ ഞാൻ ദൈവത്തോട് അപേക്ഷിക്കാറുണ്ട്. ഞാൻ ആലോചിച്ചിട്ട് യാതൊരു മാർഗ്ഗവും കാണുന്നില്ല. എന്നെ സംബന്ധിച്ച് മറെറന്തൊരു ആരോപണവും സഹിക്കാമെന്നുണ്ട്. പക്ഷെ ഞാൻ ദുർന്നടപ്പുകാരിയെന്ന ചീത്തപ്പേരു വരുത്തിവെക്കാൻ ഒരുക്കമല്ല. എൻെറ രണ്ടു കുട്ടികളെ നോക്കുമ്പോൾ ഇതിൽ നിന്നും ഒളിച്ചോടാനും കഴിയുന്നില്ല. അവർക്കു ജന്മം നൽകിയ എൻെറ മാതൃത്വം എന്നെ നശിപ്പിക്കുവാനും തയ്യാറല്ല. എനിക്ക് ബുദ്ധിയുപദേശിച്ചു തരികയും ദൈവദാസ്സളായ നിങ്ങൾ ഏവരും ഈ നിരപരാധിയായ പെൺകുട്ടിക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

എന്ന്

ഒരു സാധു പെൺകുട്ടി

## പരിഹാരം

നിങ്ങളുടെ കത്തു വായിച്ചപ്പോൾ മനസിലാക്കിയ കാര്യങ്ങൾ വെച്ചു കൊണ്ടു മാത്രം പൂർണ്ണമായ ഒരു പരിഹാരം നിർദ്ദേശിക്കുക പ്രയാസമാണ്. കാരണം എല്ലാ കാര്യങ്ങളും വിശദമായി വിവരിച്ചിട്ടി ല്ല എന്നതാണ്. യുവത്വത്തിൽ തന്നെ അറിഞ്ഞും അറിയാതെയും വൈ ധവ്യത്തിൽ കഴിയുന്ന എത്രയോ വനിതകൾ നമ്മുടെ നാട്ടിലുണ്ട്. നിങ്ങളെ സംബന്ധിച്ച് ഭർത്താവ് ജീവനോടെയുണ്ടോ അതോ മരി ച്ചോ എന്നതിന് തെളിവുമില്ല. ആ നിലക്ക് പുനർ വിവാഹം നടത്തി പ്രശ്നം പരിഹരിക്കുക എന്നതു പ്രസക്തമല്ല. ഭർത്താവ് ജീവിച്ചി രിക്കുന്നില്ല എന്നു നിങ്ങൾക്കു തെളിയിക്കാൻ സാധിച്ചാൽ ബൈ ബിൾ അനുസരിച്ച് വീണ്ടും വിവാഹം നടത്താം. അതു നിങ്ങളെ ഈ പരിഹാസ്യമായ ചുററു പാടിൽ നിന്നും മോചിപ്പിക്കും. അല്ലെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസത്തിനു യോജിച്ചതായ ഏതെങ്കിലും തൊഴിൽ മേഖലയിൽ പ്രവേശിച്ച് ഭർത്താവിൻെറ സഹോദരന്മാരെ ആശ്രയി ക്കാതെ പുറത്തെവിടെയെങ്കിലും സുരക്ഷിതത്വമുള്ള ഒരു സ്ഥലത്തു താമസിക്കുക. ഒരു പ്രശ്നം പരിഹരിക്കുവാൻ നാം ശ്രമിക്കുമ്പോൾ കൂടുതൽ കുഴപ്പങ്ങൾ വരുത്തിവെക്കാതെ നോക്കണം. നിങ്ങൾ ഈ ആരോപണത്തിൽ കുററക്കാരിയല്ലാ, എന്നതിൽ നിങ്ങൾക്കു ധൈര്യവും ആശ്വാസവും പകരുന്നുണ്ടല്ലോ. ബന്ധുക്കളായാലും ചില മിത്രങ്ങ ളായാലും നമ്മുടെ ഇത്തരം അവസ്ഥകളിൽ അവർ നമ്മെ വേദനി പ്പിക്കും. കാരണം അവർക്കു കിട്ടേണ്ടതായ നന്മകളോ നേട്ടമോ, സ്നേ ഹമോ നാം കവർന്നെടുക്കുന്നു എന്ന ഒരു അപകർഷതാബോധമാണ് അവരെക്കൊണ്ട് ഇങ്ങനെ ചെയ്യിപ്പിക്കുന്നതു.

നിരന്തരമായി ദൈവ വചനം പഠിക്കുക. സമയം ഒട്ടും പാഴാക്കാ തിരിക്കുക, പ്രാർത്ഥനയിൽ ഉററിരിക്കുക. പ്രവർത്തന നിരതമായി രിക്കുക. ഈ വിദ്വേഷം അവരോടു വെച്ചു പുലർത്താതെ സ്നേഹ ത്തോടു കൂടെ ഇടപെടുക. ഏതെങ്കിലും നല്ലൊരു ജോലിക്കു വേണ്ടി പ്രയത്നിക്കുക, കുട്ടികളെ പരിരക്ഷിക്കുക നല്ല രീതിയിൽ അവരെ പഠിപ്പിക്കുക. നിങ്ങളുടെ ഈ അപകീർത്തിമാഞ്ഞു കിട്ടേണ്ടതിനു ഞങ്ങൾ കുട്ടിക്കു വേണ്ടിയും കുടുംബത്തിനു വേണ്ടിയും പ്രാർത്ഥി ക്കുന്നുണ്ട്. എല്ലാററിലുമുപരിയായി തിരുവെഴുത്തു ആജ്ഞാപിക്കു ന്നതുപോലെ കർത്താവിൻെറ സഭയിൽ വിശ്വസ്ഥമായി ജീവിക്കുക, എതിർപ്പുകൾ, തിന്മകൾ, പരിഹാസങ്ങൾ ഇവയെ ചെറുത്തു തോല്പ്പിക്കത്തക്ക ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾക, ലോകത്തെ ജയിച്ച ക്രിസ്തു, പിശാചിൻെറ ശക്തിയെ ഇല്ലാതാക്കിയ കർത്താവ് നിങ്ങളുടെ ഈ പോരാട്ടത്തിൽ ജയിക്കാൻ വേണ്ട ശക്തി നല്കും; ദൈവം നിങ്ങളേയും കുട്ടികളെയും അനുഗ്ര ഹിക്കട്ടെ.

# യേശുവിൽ അർപ്പിക്ക

**വൈ. തങ്കച്ചൻ പുനലൂർ**

ജീവന്നടിത്തറയാകുമെന്നേശുവിൽ
ജീവിതമർപ്പിക്ക: സോദരരേ:
കെട്ടിയുയർത്തുവിൻ ജീവിതഗേഹത്തെ
തുഷ്ടിയായ് തീർത്തിടും നാഥനെന്നും.

ഘോരപിശാചിൻ കരത്തിലമർന്നതി-
ദാരുണമായി മരിപ്പോനെന്നെ
ഘണ്ടാഭയം നീക്കിക്കാലം കഴിക്കുവാൻ
വിണ്ഡലനാഥൻ പിറന്നുമന്നിൽ

ശോകമാം ജീവിത നാളുകളത്രയി
പാഴ്മരുഭൂമിയിൽ ശൂന്യമാക്കി-
ത്തീർത്തിട്ടുമെത്തുവാനൊത്തില്ലെനിക്കതി
ധന്യമായുള്ളൊരു ജീവിതത്തിൽ

മോഹമാം ജീവിതപാതയിലോടിവൻ
നാശകൂപത്തിൽപ്പതിച്ചോരെന്നെ
തൻകരം നീട്ടിത്തലോടിയൊരുദിനം
രക്ഷണം ചെയ്യുവാനെത്തിനാഥൻ

തൻസ്വരം കേട്ടുഞാൻ പിൻചെന്നകാരണാ
മോദമായ് വാഴുന്നീ മന്നിടത്തിൽ
ശോകക്കൊടും വെയിലേററു ഞാൻ വീഴാതെ
തൻകരം താങ്ങുമെൻ നാളുകളെല്ലാം,

പാരിൽ ജനത്തിൻെറ പാതകം പോക്കുവാൻ
മന്നിന് വിണ്ണതിലേറിടുവാൻ
കാരിരുമ്പാണിയാൽ കാൽവറിക്രൂശതിൽ
കാൽകരം തൂങ്ങി മരിച്ചുനാഥൻ

എല്ലാം വെറുത്തു ഞാനുല്ലാസമോദമായ്
സ്വർല്ലോകവീടതിൽ വാസമാക്കാൻ
എത്തുമൊടു വിലാസ്വർഗ്ഗീയനാടതിൽ
കർത്തനോടൊത്തുവസിച്ചിടും ഞാൻ.

നീയോ നിത്യം എന്റെ മേശയിങ്കൽ ഭക്ഷണം കഴിച്ചു കൊള്ളേണം എന്നു പറഞ്ഞു." മെഫീബോശെത്ത് അതിന്: "ചത്തനായെപ്പോലെ ഇരിക്കുന്ന ഈ എന്നെ രാജാവ് കടാക്ഷിപ്പാൻ അടിയൻ എന്തുള്ളു" എന്നാണ് പറഞ്ഞത്. അങ്ങനെയുള്ള ഒരു പുരുഷന് ഒരു രാജാവ് രാജകീയമായ ആദരവ് കൊടുത്തിരിക്കുന്നു. ഈ പ്രവൃത്തി എന്തുകൊണ്ടായിരുന്നു എന്നു കാണുവാൻ ദാവീദിന് മെഫീബോശെത്തിന്റെ പിതാവായിരുന്ന യോനാഥാനുമായുള്ള സുഹൃത്ബന്ധം പരിശോധിക്കേണ്ടിയിരിക്കുന്നു. യോനാഥാന്റെ മനസ് ദാവീദിന്റെ മനസോടു പററിച്ചേർന്നിരുന്നു. യോനാഥാൻ അവനെ സ്വന്ത പ്രാണനെപ്പോലെ സ്നേഹിച്ച് അവനുമായി സഖ്യത ചെയ്തു. താൻ ധരിച്ചിരുന്ന മേലങ്കി, വസ്ത്രം, വാൾ, വില്ല്, അരക്കച്ച എന്നിവ ദാവീദിന് കൊടുത്തിരുന്നു (1 ശമൂവേൽ 18:1-4). ദാവീദ് രാജാവായി തീരുമ്പോൾ തന്റെ കുടുംബത്തോടു കരുണകാണിക്കണമെന്ന സഖ്യത ദാവീദ് പാലിക്കുന്നതായി നമുക്കു കാണാം. യോനാഥാൻ ദാവീദിനോടു യഹോവ എനിക്കും നിനക്കും എന്റെ സന്തതിക്കും നിന്റെ സന്തതിക്കും മദ്ധ്യേ എന്നേയും സാക്ഷി എന്നിങ്ങനെ സത്യം ചെയ്തിരുന്നു. തന്റെ സ്നേഹബന്ധമോ പ്രതിജ്ഞയോ ദാവീദ് രാജാവായി തീർന്നിട്ടും മറന്നില്ല. പക്ഷേ നാം ലോകത്തിൽ നോക്കിയാൽ പൊതുവെ ഇത്തരം ബന്ധങ്ങൾ ഉയർച്ചയിൽ എത്തുമ്പോൾ മനുഷ്യർ മറന്നുകളയുകയോ ഓർമ്മയില്ലാത്ത വിധം ജീവിക്കുകയോ ആണ് ചെയ്യുന്നത്. ഒരു സത്യസന്ധനായ വ്യക്തിക്ക് അതു ഭൂഷണമല്ല.

ഏതാനും വർഷങ്ങൾക്കു ശേഷം ഒരു പുതിയ രാജാവിന്റെ അടുക്കലേക്കാണ് ഈ രണ്ടു കാലും മുടന്തനായ മനുഷ്യനെ വിളിപ്പിക്കുന്നത്. അവർ ഇതു കേട്ടപ്പോൾ ഭയന്നു വിറച്ചിരിക്കണം. കാരണം എന്തും സംഭവിക്കാനിടയുള്ള സാഹചര്യമാണല്ലോ. ദാവീദും യോനാഥാനും തമ്മിൽ നടത്തിയതായ പ്രതിജ്ഞയെയോ അവർ തമ്മിൽ എത്രമാത്രം അടുപ്പമുണ്ടായിരുന്നുവെന്നോ ഒരു പക്ഷേ മെഫീബോശെക്ക്, പൂർണ്ണമായി അറിഞ്ഞിരിക്കാനിടയില്ല. അന്നത്തെ സമ്പ്രദായം, നിലവിലുള്ള രാജാവായി തിരുവാൻ അവകാശികളായി കണ്ടേക്കാവുന്ന പുരുഷ സന്തതികളെ പുതിയ രാജാവ് പിടിച്ച് കൊന്നുകളയുക എന്നതായിരുന്നു. ഉദാഹരണമായി യേഹു യിസ്രയേലിൽ ആഹാബ് ഗൃഹത്തിൽ ശേഷിച്ച വരെ ഒക്കെയും അവന്റെ മഹത്തുക്കളെയും പുരോഹിതന്മാരേയും ആരും ശേഷിക്കാത്തവണ്ണം സംഹരിച്ചുകളഞ്ഞു. അങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് ദാവീദ് ഈ മുടന്തനായ മനുഷ്യനോട് അനുകമ്പാ പൂർവ്വം പെരുമാറുകയും അവന്റെ കുടുംബത്തിൽ ഉള്ളതെല്ലാം അവനു കൊടുപ്പാനും കൊട്ടാരത്തിൽ രാജകീയ ഭോജനം കൊടുപ്പാനും വ്യവസ്ഥ ചെയ്യുന്നത്.

## യിസ്രയേലിൽ കുഴപ്പം

ദാവീദിന്റെ മകനായ അബ്ശലോം തന്റെ പിതാവിന്റെ ഭരണ

ത്തിന് എതിരായി മത്സരിച്ചു തുടങ്ങിയപ്പോൾ ഇരുണ്ട കാർമേഘങ്ങൾ ഇസ്രായേൽ ദേശത്ത് കാണപ്പെടുവാൻ തുടങ്ങി. അതു ഒരു കാട്ടു തീ പോലെ പരന്നപ്പോൾ ദാവീദും തന്റെ ഭൃത്യന്മാരും യെരുശലേം വിട്ട് മലകളിലേക്ക് ഓടിപ്പോയി. തുടർന്നു മെഫീബോശെത്തിന്റെ ഭൃത്യനായ സീബാ അവനെ ഒററിക്കൊടുക്കുന്നുണ്ട്. സിംഹാസനം തിരിച്ചു കിട്ടുമെന്ന ആശയിന്മേലാണ് തന്റെ യജമാനനെ അവൻ കുററപ്പെടുത്തി സംസാരിച്ചത്. ഈ ദോഷ്ക് വിശ്വസിച്ച ദാവീദ് മെഫീബോശെത്തിന്റെ വസ്തു വകകളെല്ലാം സീബായ്ക്കു കൊടുത്തു. (2 ശമുവേൽ 16: 1-14)

അനന്തരം അബ്ശലോമിന്റെ അകാല നിര്യാണത്തിനുശേഷം ദാവീദ് അധികാരസ്ഥനായി തന്റെ സിംഹാസനത്തിലേക്കു മടങ്ങി വന്നു. ശൌലിന്റെ ചെറു മകനായ മെഫീബോശെത്ത് രാജാവിനെ കണ്ട് അവനെ വീട്ടിലേക്കു സ്വാഗതം ചെയ്‌വാൻ ചെന്നു. ദാവീദിന്റെ ദൗർഭാഗ്യത്തിൽ പരസ്യമായി വിലപിക്കുകയും ഇപ്പോൾ അവൻ വിലാപ വസ്ത്രം ധരിക്കുകയും ചെയ്തിട്ടുണ്ട്. എന്തു കൊണ്ട് തനിക്കു രാജാവിനോടും ഭൃത്യന്മാരോടും കൂടെ പലായനം ചെയ്‌വാൻ കഴിഞ്ഞില്ല എന്നും, സീബായുടെ ദുരാരോപണം നിമിത്തമാണ് ഇതു സംഭവിച്ചതെന്നും മെഫീബോശെത്ത് ഉണർത്തിച്ചു. യാതൊരു ആനുകൂല്യവും അവൻ ആവശ്യപ്പെട്ടില്ല. ഈ കാര്യത്തിൽ ദാവീദിന്റെ തീർപ്പ് സന്തോഷത്തോടെ അവൻ കൈക്കൊള്ളുവാൻ കാത്തിരുന്നു (2 ശമുവേൽ19:24-30

പിന്നീട് ഒരവസരത്തിൽ ഗിബെയോൻ, തന്റെ വംശത്തെ കൊന്നൊടുക്കിയ ശൌലിന്റെ പിൻഗാമികളെയും അവകാശികളേയും നശിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയപ്പോഴും ദാവീദ് മെഫീബോശെത്തിന്റെ ജീവനെ രക്ഷിക്കുകയുണ്ടായി (2ശമുവേൽ 19; 4-7).

## മെഫീബോശെത്തിന്റെ ജീവിതത്തിലെ ചില വീക്ഷണങ്ങൾ

ഹിംസാത്മകമായ യുദ്ധത്തെ തുടർന്നു തന്റെ കുടുംബത്തിൽ ഉണ്ടായിരുന്ന എല്ലാവരേയും നഷ്ടപ്പെട്ട് അഞ്ചാമത്തെ വയസ്സിൽ അനാഥനായി തീർന്ന ഒരു നിർഭാഗ്യവാൻ ആയിരുന്നു അയാൾ. അതേ സമയം തന്റെ അവകാശങ്ങളെല്ലാം ദേശത്തിലെ സിംഹാസനത്തിനു കീഴ്പ്പെട്ടിരുന്നു. അപകടത്തിൽ വീണു രണ്ടു കാലും മുടന്തനായി തീർന്ന ഒരു ജീവിതം? തന്റെ സ്വന്തം ഭൃത്യന്റെ ദുഷിച്ച ആരോപണം നിമിത്തം തന്റെ സ്ഥലം, സ്വത്ത് ജീവിതത്തിലെ എല്ലാം നഷ്ടപ്പെട്ട ഒരു വ്യക്തി. സത്യം വെളിപ്പെട്ടിട്ടും അവനുള്ളതിൽ പകുതി മാത്രം തിരിച്ചുകിട്ടി (2 ശമുവേൽ 19:29).

മെഫീബോശെത്ത്, ഈ പരിവർത്തന ഘട്ടങ്ങളെല്ലാം സംഭവിച്ചിട്ടും തൻെറ മഹത്തായ ആദർശ സ്വഭാവത്തിനു മാററം വരുത്തിയില്ല. ദാവീദിൻെറ പരിഗണനയെ അവൻ അതീവ കൃതാർത്ഥതയോടെയാണ് സ്വീകരിച്ചത്. തൻെറ ഈ നഷ്ടത്തിലൊന്നും അവൻ നിരാശനായിട്ടോ ആരോടെങ്കിലും കൈയ്പ്പുള്ളതായി പ്രകടിപ്പിക്കയോ ചെയ്തില്ല. ദാവീദിൻെറ അധികാരത്തെ മറിച്ചിടാനും അവൻ ചിന്തിച്ചിരുന്നില്ല. പൂർണ്ണമായി ഈ പുതിയ ഭരണാധികാരിക്കു അവൻ കീഴ്പ്പെട്ടിരുന്നു. യോനാഥാൻെറ നല്ല ഗുണങ്ങളെല്ലാം ഒത്തുചേർന്ന ഒരു സ്വഭാവമാണ് അവൻെറ സന്തതിയിൽ നാം കാണുന്നത്.

## ഓർമ്മിക്കേണ്ട പാഠങ്ങൾ

വാസ്തവത്തിലുള്ള സ്നേഹബന്ധമെന്തെന്ന് ദാവീദും യോനാഥാനും തമ്മിലുള്ള ഇടപാടിൽ നാം മനസ്സിലാക്കുന്നു. ദാവീദിൽ നിന്നുംപഠിക്കുന്നതു, എത്ര സമയം പിന്നിട്ടാലും എത്ര വലിയ പദവിയിലെത്തിയാലും സമർപ്പിക്കപ്പെട്ട കർത്തവ്യം നിർവ്വഹിക്ക തന്നെ വേണമെന്നാണ്. നിർഭാഗ്യവാന്മാരോട് നാം മനസ്സലിവു കാണിക്കണം എന്നുകൂടെ അറിയുന്നു. "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മക്കു അവൻ പകരം കൊടുക്കും (സദൃശ്യവാക്യങ്ങൾ 19;17).

ദാവീദിനെപ്പോലെ ക്രിസ്ത്യാനികളായ നാം എല്ലാവർക്കു വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക (ഗലാത്യർ 6:10). മെഫീബോശെത് കാണിച്ചതായ കൃതജ്ഞത ഉപകാരം ചെയ്തവരോടു പ്രകടിപ്പിക്കയും ചെയ്ക. ഈ മനുഷ്യനു ശാരീരികമായി മുടന്തുണ്ടായിരുന്നുവെങ്കിലും അവൻെറ ആത്മാവ് ആരോഗ്യപ്രദമായിരുന്നു. എന്നാൽ ഇന്ന് ശാരീരികമായി ആരോഗ്യമുള്ള പലരുടേയും ആത്മാക്കൾ മുടന്തുള്ളവരാണ്. ഒരു ദുരാരോപണത്തിന് എത്രമാത്രം ദോഷം ചെയ്യുവാൻ കഴിയുമെന്ന് നാം കണ്ടു (സദൃശ്യവാക്യങ്ങൾ 16:28; 19:5).

നമ്മുടെ പിതാക്കന്മാർ യോനാഥാനെപോലെ സൽപ്രവൃത്തി ചെയ്തു മക്കൾക്കു ഭാഗ്യകരമായ അവസ്ഥ പ്രദാനം ചെയ്യേണം. പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവൻെറ ശേഷം അവൻെറ മക്കളും ഭാഗ്യവാന്മാർ (സദൃശ്യവാക്യങ്ങൾ 20:7) ദാവീദ് മെഫീബോശെത്തിനോടു യഹോവയുടെ ദയ കാണിച്ചതു പോലെ ക്രിസ്തു നമ്മോടു ദയ കാണിച്ച് നമ്മുടെ പാപങ്ങൾ മോചിച്ചുതരുന്നു (തീതൊസ് 3:4-5). മെഫീബോശെത്തിന് എന്നും രാജാവിൻെറ മേശയിൽ നിന്നും ഭക്ഷിക്കുവാനുള്ള അവസരം നല്കിയതുപോലെ യഥാർത്ഥ ക്രിസ്ത്യാനികൾക്കു അവൻ നല്കിയിരിക്കുന്നു. ഈ അനുഭവ പാഠങ്ങൾ നമ്മുടെ ജീവിതത്തിൽ നാം മറക്കാതിരിക്കുക.

# ജീവനോ മരണമോ

**എൻ. കെ. മാസ്റ്റർ**

''നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ട് എന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലോ, അവ എനിക്ക് സാക്ഷ്യം പറയുന്നു. എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.'' (യോഹ 5 ;39, 40).

ജീവന്റെ ഉറവിടമായ ക്രിസ്തു ലോകത്തിലേക്കു വന്നു. ലോകത്തിന്റെ ഏററവും വലിയ പേടി സ്വപ്നമായിരുന്ന മരണത്തിന്റെ വിഷമുള്ളു നീക്കം ചെയ്യാൻ വേണ്ടി അവിടുന്ന് മരണത്തിന്റെ പൊടിയിലേക്ക് താഴ്ന്നിറങ്ങി. (സങ്കീ. 22:16) ശവക്കല്ലറയുടെ മുന്നിലെ ഭാരിച്ച കല്ല് നീക്കം ചെയ്തു കൊണ്ട് താൻ പുനരുത്ഥാനം ചെയ്തു. ''ഞാൻ ജീവിക്കുന്നതു കൊണ്ട് നിങ്ങളും ജീവിക്കും'' (യോഹ 14:19) എന്ന് കർത്താവ് പ്രഖ്യാപിക്കുന്നു. പ്രിയ സ്നേഹിതാ നീ യേശുവിനോടൊപ്പം ജീവിക്കുന്നവനാണോ? അല്പം പോലും ഭയമില്ലാതെ മരണത്തെ സ്വാഗതം ചെയ്യാൻ നിനക്കു കഴിയുമോ? ''എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു'' എന്ന് തികച്ചും ആത്മാർത്ഥമായി പ്രഖ്യാപിക്കാൻ നിനക്കു കഴിയുന്നുണ്ടോ?

ഇന്നു തന്നെ നീ മരിച്ചാൽ പ്രത്യാശയോടെ ലോകത്തോടു വിട വാങ്ങാൻ നിനക്കുകഴിയുമോ? എന്റെ സ്നേഹിതാ, നിനക്കു മുന്നിൽ എഴുതിവെച്ചിരിക്കുന്ന ഈ ചോദ്യങ്ങൾ ഒട്ടും അപ്രധാനങ്ങളല്ല അവ തികച്ചും നിർണ്ണായകമായ ചോദ്യങ്ങളാണ്. നിശ്ചയമായും നീ ഒരിക്കൽ നിശ്ചലനാകും; നിന്റെ ഒഴികഴിവുകൾക്കും ഒഴിഞ്ഞു മാറലുകൾക്കും അതീതമായ ഒരവസ്ഥയാണ് മരണം; ആ ഇരുളിന്റെ താഴ്വരയെ നിർഭയനായി പിന്നിട്ട് ക്രിസ്തുവിനോടൊപ്പം നിത്യതയിൽ കഴിയാൻ സാധിക്കുമെന്ന പ്രത്യാശ നിനക്കുണ്ടോ? ഇല്ലെങ്കിൽ നിന്റെ ആശ്രയം കേവലം മരണത്തിന്റേതായ ഈ ലോകത്തിലാണെന്ന് കരുതേണ്ടിയിരിക്കുന്നു.

യഹൂദന്മാർ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നതിനും ന്യായ പ്രമാണങ്ങാംക്ക്, ചട്ടങ്ങളും ഉപചട്ടങ്ങളും നിർമ്മിക്കുന്നതിലും വളരെയേറെ ശ്രദ്ധാലുക്കളായിരുന്നു. നിത്യജീവനെപ്പററിയുള്ള പ്രതീക്ഷ അവർക്കുണ്ടായിരുന്നു: സദൂക്യരെപ്പോലെ ചിലർ പുനരുത്ഥാനത്തിൽ വിശ്വാസമില്ലാത്തവരും, നിത്യജീവനെപ്പററി അജ്ഞരുമായിരുന്നെങ്കിലും ന്യായപ്രമാണത്തിന്റെ വള്ളിപുള്ളികാം ഹൃദിസ്ഥമാക്കിയിരുന്ന ബഹുഭൂരിപക്ഷവും യഥാർത്ഥത്തിൽ ജീവനെ കണ്ടെത്തിയില്ലെന്ന് നമുക്കറിയാം. ജീവൻ പ്രാപിക്കേണ്ടതിന് ക്രിസ്തുനാഥന്റെ പാദങ്ങാം പുൽകാൻ അവർക്കു മനസ്സില്ലായിരുന്നു.

ഇന്നും ക്രിസ്തുവിന്റെ അടുത്തേക്കു കടന്നു ചെല്ലാനും ജീവൻ പ്രാപിക്കാനും കഴിയാതെ തിരുവെഴുത്തുകളെ വിലയിരുത്തുകയും, ഉജ്ജ്വലമായ പ്രഭാഷണങ്ങാം നടത്തുകയും, ബിരുദങ്ങാം നേടുകയും, ഗ്രന്ഥങ്ങളെഴുതുകയും ചെയ്യുന്ന നിരവധിയാളുകളുണ്ട്. ഒരു ചെറിയ പ്രശ്നം നേരിടുമ്പോാം, ലൗകികമായ നേരിയ നഷ്ടങ്ങളുണ്ടാകുമ്പോാം, രോഗങ്ങാം നേരിടുമ്പോാം, പ്രിയപ്പെട്ടവർ വേർപെടുമ്പോാം അവർ ആകെ പൊട്ടിത്തകരുന്നു; ക്രിസ്ത്യാനിയുടെ വിശ്വാസതീഷ്ണതയെ അളന്നു നോക്കാൻ ഇത്തരം സന്ദർഭങ്ങാം ധാരാളം മതിയാകും.

പ്രിയസ്നേഹിതാ, നീ ആരായിരുന്നാലും ശരി, ഒരു നിമിഷം നിന്റെ മനഃസ്സാക്ഷിയോടൊന്നു ചോദിക്കൂ. "ഞാൻ യേശുവിൻ ജീവിക്കുന്നവനോ ജഡത്തിൽ ജീവിക്കുന്നവനോ?" യേശുവിൽ ജീവിക്കുന്നവനെങ്കിൽ നീ "ജീവിക്കുന്നവനാണ്". മരണം നിനക്കൊരു പ്രശ്നമല്ല. ജഡത്തിൽ ജീവിക്കുന്നവനെങ്കിൽ നീ മരിച്ചുകൊണ്ടിരിക്കയാണ്, ജീവൻ നിന്നിലില്ല.

ജീവനും മരണവും രണ്ടുസുപ്രധാന യാഥാർത്ഥ്യങ്ങളാണ്: രണ്ടും പരസ്പരവിരുദ്ധം: രണ്ടും ഒരുപോലെ സ്വീകരിപ്പാൻ നിവൃത്തിയില്ല. ഒന്നുകിൽ നിനക്കു മരിക്കാം-അല്ലെങ്കിൽ ജീവിക്കാം. പക്ഷെ ഏതുതെരഞ്ഞെടുക്കുമെന്നു നിങ്ങാം തന്നെ തീരുമാനിക്കുക.

"നിങ്ങാം തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങാംക്ക് നിത്യജീവൻ ഉണ്ട് എന്ന് നിങ്ങാം നിരൂപിക്കുന്നു വല്ലോ? അവ എനിക്ക് സാക്ഷ്യം പറയുന്നു.

# ഹൃദയ ഭേദകമായ പാപം

## ജോസഫ്. A

ഭൂമിയിൽ മനുഷ്യൻെറ ദുഷ്ടത വലിയതെന്നും അവൻെറ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളത ത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ടു യഹോവ അനുതപിച്ചു. അതു അവൻെറ ഹൃദയത്തിനു ദുഃഖ മായി (ഉല്പത്തി 6;5-6). ദൈവത്തെ ദുഃഖിപ്പിച്ച ആദ്യത്തെ പാപം എ ന്തായിരുന്നുവെന്നു നമുക്കെല്ലാവർക്കും അറിയാം. അതിനെ അത്ര നി സ്സാരമാക്കി തള്ളികളയാവുന്നതല്ല. അതിൻെറ അനന്തര ഫലത്തെക്കുറി ച്ച് ചിന്തിക്കുമ്പോഴാണ് അതിലുള്ളഗൗരവം എത്രമാത്രമുണ്ടെന്നു നാം മനസ്സിലാക്കുന്നതു. ഭൂമിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ഠി ച്ചു എന്നും ആറു ദിവസം എടുത്ത് തൻെറ സൃഷ്ടി പൂർത്തിയാക്കി എന്നു നാം ബൈബിളിൽ കാണുന്നു. തൻെറ സാദൃശ്യത്തിൽ സൃഷ് ടിക്കപ്പെട്ടമനുഷ്യനായ ആദാമിനു തക്കതായ ഒരു ഭാര്യയേയും നല്കി. താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും ന ല്ലതു എന്നു കണ്ടു' (ഉല്പത്തി 1:31)

എന്നാൽ വളരെ നാരം കഴിയുന്നതിനു മുമ്പുതന്നെ ദൈവ രൂപ ത്തിൽ ഉണ്ടാക്കപ്പെട്ടതായ മനുഷ്യൻദൈവത്തിനെതിരായിപാപം ചെയ് തു. താൻ ഉണ്ടാക്കിയ ഈ മനുഷ്യൻ തനിക്കെതിരായി നീങ്ങുന്നുവ ല്ലോ എന്നു പ്രവൃത്തിയിലൂടെ കണ്ടപ്പോഴാണ് ദൈവത്തിന് വല്ലാ ത്ത ദുഃഖമുണ്ടായത്. ഭൗതികമായി നോക്കിയാൽ നമ്മുടെ കുട്ടികരം ന മ്മെ അനുസരിക്കാതെ മററാരെങ്കിലും പറയുന്നതു കേട്ട് അനുസരി ച്ചു പോകുന്നതു കാണുമ്പോരം നമുക്ക് എത്രമാത്രം വിഷമമുണ്ടാകും. അപ്പോരം സർവ്വശക്തനായ ദൈവത്തിനു എന്തുമാത്രം പ്രയാസമുണ്ടാ യികാണും എന്നു ചിന്തിക്കുക. പല വഴികളിലൂടെ ജനങ്ങളെ ദൈവ ത്തിങ്കലേക്കു തിരിക്കുവാൻ നോക്കി എങ്കിലും ജനമെല്ലാം താന്താങ്ങരം ക്കു ബോധിച്ചവണ്ണം നടന്നു. ഇങ്ങനെ തുടർന്നുകൊണ്ടിരുന്നപ്പോരം അവരെ ശിക്ഷിക്കാതെ മററുമാർഗ്ഗമില്ലാതെ വന്നു. ജല പ്രളയത്താൽ ദൈവത്തിനെതിരായി പ്രവർത്തിച്ചവരെ ദൈവം നശിപ്പിച്ചു. പക്ഷെ അവിടെ ദൈവത്തിൻെറ സ്നേഹം തന്നെ അനുസരിച്ചവരിൽ അവൻ പ്രദർശിപ്പിച്ചു.

ദൈവജനമായ ഇസ്രായേലിനെ മിസ്രയീമ്മിൽ നിന്നും മോചിപ്പിച്ചുകൊണ്ടുവരുമ്പോഠം അവരെ അമാലേക്ക് വഴിയിൽ വെച്ച് ആക്രമിച്ചു. അതുകൊണ്ട് യഹോവ ശൗലിനോടു നീ ചെന്നു അമാലേക്യരെ തോല്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കികളക. അവരോടു കനിവു തോന്നരുത്, പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും മുലകുടിക്കുന്നവരേയും, കാള, ആടു്, ഒട്ടകം കഴുത എന്നിവയെയും സംഹരിച്ചുകളക' എന്നു പറഞ്ഞു (1 ശമുവേൽ 15:3) എന്നാൽ നാം തുടർന്നു വായിക്കുന്നതു, ശൗലും ജനവും ആഗാഗിനേയും, ആടു, മാടു, തടിച്ച മൃഗം എന്നിവയിൽ മേൽത്തരമായവയേയും കുഞ്ഞാടുകളേയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസില്ലാതെ ജീവനോടെ സൂക്ഷിച്ചു. ഹീനവും നിസ്സാരവുമായവയെ ഒക്കെയും അവ നിർമ്മൂലമാക്കി കളഞ്ഞു (1 ശമുവേൽ 15:4).

അപ്പോഠം അന്നത്തെ ദൈവത്തിൻെറ പ്രവാചകനായിരുന്ന ശമുവേലിന്നു യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ ഞാൻ ശൌലിനെ രാജാവായി വാഴിച്ചതിനാൽ എനിക്കു മനസ്താപമായിരിക്കുന്നു. അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു. എൻെറ കല്പനകളെ നിവൃത്തിച്ചതുമില്ല. ഇതിങ്കൽ ശമുവേലിനു വ്യസനമായി, അവൻ രാത്രി മുഴുവനും യഹോവയോടുനിലവിളിച്ചു. മനുഷ്യരുടെ കണ്ണിൽ ഈ കുററം ഒരു പക്ഷേ നിസ്സാരമായി തോന്നാം. പക്ഷേ ദൈവം ഒരു കല്പന തന്നാൽ അതു അതുപോലെ നിർവ്വഹിക്കുവാൻ മനുഷ്യൻ കടപ്പെട്ടവനാണ്. അതിനെ മാററുവാനോ അല്ലെങ്കിൽ കുറച്ചുമാത്രം ചെയ്തു തൃപ്തിയടയാനോ ശ്രമിക്കരുത്. അപ്പോഴാണ് ദൈവത്തിൻെറ കോപം നമ്മിൽ വരുന്നത്.

ഈ രണ്ടു സംഭവങ്ങളിലും ദൈവ കല്പന ലംഘിച്ചവരിൽ മാനസാന്തരം ഉളവായില്ല. നോഹ നൂററിയിരുപതു സംവൽസരം ജനത്തോടു പ്രസംഗിച്ചുവെങ്കിലും അവൻെറ വാക്കുകഠം അവർ ചെവിക്കൊണ്ടില്ല. ദൈവത്തിൻെറ ആത്മാവ് ഈ പാപികളായ ആളുകളോടു സംസാരിച്ചിരുന്നു. എങ്കിലും എട്ടുപേർ ഒഴിച്ച് മററാരും അതു അനുസരിച്ചില്ല. (1പത്രൊസ് 3:19-20) തൽഫലമായി ഈ നാശയോഗ്യരെ ദൈവം ജലത്തിൽ നശിപ്പിച്ചുകളഞ്ഞു. പെട്ടകത്തിൽ കയറുവാനുള്ള ദൈവത്തിൻെറ ആജ്ഞയെ അനുസരിച്ചു എട്ടുപേർ രക്ഷപ്പെട്ടു. ദൈവത്തിൻെറ പരിപാലനം അവനെ അംഗീകരിക്കുന്നവർക്കു തീർച്ചയായും ലഭ്യമാണ്. രണ്ടാമത്തെ സംഭവത്തിലാണെങ്കിൽ കുററം സമ്മതിക്കുന്നതിനുപകരം സ്വയമായി ന്യായീകരിക്കുകയായിരുന്നു ശൌൽ. ശമുവേൽ പ്രവാചകൻ, ശൌലിനെ സമീപിച്ചപ്പോഠം ശൌൽ പറഞ്ഞതെന്തെന്നാൽ ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു എന്ന്. (1 ശമുവേൽ 15:13) പക്ഷേ അവൻ ചെയ്തതോ നേരെ വിപരീതമാണ്. ഇത് ദൈവ പുരുഷനേയും വ്യസനിപ്പിച്ചു.

ശമുവേലിൻെറ ചെവിയിൽ ആടുകളുടേയും കാളകളുടേയും ശബ്ദം വന്നലച്ചപ്പോരം, ഇതെന്ത് എന്ന് അവൻ ശൌലിനോടു ചോദിച്ചു. അപ്പോരം ''ഇതു അവർ മാലേക്യരുടെ പക്കൽനിന്നും കൊണ്ടുവന്നു'' എന്നാണ്. കുററം മററുള്ളവരിൽ ചാരുകയാണ് ചെയ്തത്. ഭൂരിഭാഗം പേരും തങ്ങരംക്കു പററിയ അബദ്ധത്തെ മററുള്ളവരിൽ ചുമത്തുന്ന ഒരു പ്രവണതയുള്ളവരാണ്. ഇതും ഹൃദയത്തെ വേദനിപ്പിക്കുന്ന പാപമാണ് എന്നു ധരിക്കണം. പാപത്തെ പെരുപ്പിക്കുകയാണ് ഇവർ ചെയ്യുന്നത്. മനസ്സിനും ഹൃദയത്തിനും രൂപാന്തരമാണ് എല്ലാവർക്കും ആവശ്യം. അതായതു നാം ചെയ്യുന്ന പ്രവൃത്തികരം ഒരിക്കലും ദൈവത്തെ വേദനിപ്പിക്കത്തക്കതായിരിക്കരുത്. അങ്ങനെയുള്ള ഒരു മാററം എന്തുകൊണ്ട് ആയിക്കൂടാ?

എസ്രായുടെ കാലയളവിൽ യിസ്രായേലിലുള്ള ധാരാളമാളുകരം അന്യജാതികളിൽ നിന്നും പെൺകുട്ടികളെ വിവാഹം ചെയ്തു കൊണ്ടുവന്നു. എന്നാൽ ഈ പരിശീലനം ദൈവം കർശനമായി വിലക്കിയിരുന്നതാണ്. ഇതറിഞ്ഞപ്പോരം എസ്രാ തൻെറ വസ്ത്രം കീറി, തൻെറ തലയിൽനിന്നും മുടി പിഴുതെറിഞ്ഞു. മാത്രമല്ല, കരഞ്ഞു പ്രാർത്ഥിച്ചു. അനേകമാളുകരം ഇതു കണ്ടിട്ടു കരളലിഞ്ഞു അവനോടുകൂടെ ചേർന്നു കരഞ്ഞു. അവർ അതു ചെയ്യണം. കാരണം പാപം ഭയാനകമാണ്, അതു കർത്താവിനെ വ്യസനിപ്പിക്കും; ദൈവത്തെ കുപിതനാക്കും. ആത്മീയമായി ലോലമനസ്ക്കരേയും അതു ദുഃഖിപ്പിക്കും. ദൈവകല്പനകളെ ലംഘിക്കുന്നവർക്കു പറഞ്ഞറിയിക്കുവാൻ പററാത്ത പ്രതിസന്ധികരം നേരിടും. ഈ സംഭവത്തിൽ ഇസ്രായേൽ ജനങ്ങരം തങ്ങളുടെ ഭാര്യമാരെ അവരുടെ ദേശത്തേക്ക് അയക്കുകയും കുട്ടികളെ തങ്ങളുടെ മാതൃദേശത്തു മടക്കിവരുത്തുകയും വേണമായിരുന്നു. അതു അവർക്കു വലിയ ഒരു ദുഃഖത്തിനു കാരണമായി തീർന്നു. പക്ഷേ ഇസ്രായേൽ ജനത്തെ ഈ ആത്മീയ വിപത്തിൽ നിന്നും മോചിപ്പിക്കേണ്ടതിനു ഇതു അനിവാര്യമായിരുന്നു. അവർ ദൈവത്തിൻെറ പ്രത്യേകജനമായി നിർത്തിയിരുന്നവരാണ്. ആ പവിത്രത കാത്തുസൂക്ഷിക്കേണ്ടതും ആവശ്യമായിരുന്നു.

ചില കുടുംബങ്ങളിൽ ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാർക്കും കുട്ടികരംക്കും ആവശ്യമുള്ളതു നല്കാതെ തങ്ങളുടെ സമ്പാദ്യമെല്ലാം മദ്യപാനത്തിനും ദുർന്നടപ്പിനും വേണ്ടി ഉപയോഗിക്കുന്നു. അവരുടെ ഈ നിരുത്തരവാദിത്വം തികച്ചും ഹൃദയത്തെ വ്രണപ്പെടുത്തുന്ന ഒന്നു തന്നെയാണ് (1 തിമൊഥെയോസ് 5:8). അതുപോലെ ചില ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ കുററപ്പെടുത്തുകയും, ക്ലേശിപ്പിക്കുകയും, ശല്യപ്പെടുത്തുകയും, വെറുപ്പിക്കുകയും ചെയ്യുന്നവരാണ്. ചില ഭവനങ്ങളിൽ മക്കരം തങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കാതിരിക്കുന്നതു അവരെ വിഷമിപ്പിക്കുന്നു. ഏതാനും മാ

താപിതാക്കൾ തങ്ങളുടെ കുട്ടികളുടെ ഹൃദയത്തിനു മുറിവേല്ക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നു. ഇത്തരം സംഭവങ്ങൾ സഭയിലും കടന്നുവരാറുണ്ട്. ചില അംഗങ്ങൾ സഭയിലെ അദ്ധ്യക്ഷന്മാരേയും, സുവിശേഷകന്മാരേയും ദുഃഖിപ്പിക്കുന്ന രീതിയിൽ പാപം ചെയ്യുന്നുണ്ട്. ചില അദ്ധ്യക്ഷന്മാരെയും, സുവിശേഷകന്മാരെയും ദുഃഖിപ്പിക്കുന്ന രീതിയിൽ പാപം ചെയ്യുന്നവരുണ്ട്. ചില അദ്ധ്യക്ഷന്മാരും സുവിശേഷകരും അവിടെയുള്ള അംഗങ്ങൾക്കു വേദനയുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു തികച്ചും ലജ്ജാകരവും ഉപേക്ഷിക്കേണ്ടതുമാണ്.

നിങ്ങൾ ആത്മാർത്ഥതയോടെ സത്യസുവിശേഷം അനുസരിക്കാതെ ദൈവത്തിന് ഇഷ്ടമില്ലാത്ത രീതിയിൽ ജീവിക്കുന്നുവെങ്കിൽ നിങ്ങളും ദൈവത്തേയും, ക്രിസ്തുവിനേയും, പരിശുദ്ധാത്മാവിനേയും വേദനിപ്പിക്കുകയാണ് ചെയ്യുന്നത്. ഇന്നുനിങ്ങൾക്കു ദൈവത്തെ സന്തോഷിപ്പിക്കുവാൻ സാധിക്കും (ലൂക്കൊസ് 15:7). നിങ്ങളുടെ പാപങ്ങളിൽ നിന്നും തിരിഞ്ഞ് ദൈവത്തിന്റെ മാർഗ്ഗത്തിലേക്കു മാനസാന്തരപ്പെട്ടു വന്ന്, ക്രിസ്തുവിലുള്ള വിശ്വാസത്തെ നിങ്ങൾ ഏററുപറഞ്ഞ് ക്രിസ്തുവിനോടു ചേരുവാൻ ദൈവകല്പനയായ സ്നാനം ഏല്ക്കുക. അങ്ങനെ നിങ്ങളുടെ ഇപ്പോഴത്തെ ഈ ആത്മിയ വിപത്ത് ഒഴിവാക്കാം (പ്രവൃത്തി2:38; ഗലാത്യർ 3:27). പാപത്തെ സാരമില്ല എന്നു കരുതുന്നവനല്ല ദൈവം. അതിനെ ദൈവത്തോടുള്ള ധിക്കാരമായിട്ടാണ് അവൻ കരുതുന്നത്. ഇനിയും നിങ്ങൾ ദൈവത്തെ ധിക്കരിക്കുമോ?

സ്നേഹിതാ, നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണെങ്കിലും അല്ലെങ്കിലും നാമെല്ലാവരും നമ്മുടെ അകൃത്യങ്ങളെ കുറിച്ച് നാം അതീവ ദുഃഖമുള്ളവരായിരിക്കണം. പാപത്തിന്റെ കെണിയിൽ അകപ്പെട്ട് ജനങ്ങൾ, തങ്ങളെത്തന്നെ അമിതഭാരം ചുമക്കുവാൻ ഏല്പിച്ചു കൊടുക്കുന്നു. നാം ഒരിക്കലും ഇത്തരം ഹൃദയഭേദകങ്ങളായ പാപത്തെ നിസാരമായി വിചാരിക്കരുത്. അതിന്റെ ഫലം ഭയാനകവും അസഹനീയവുമാണ്. അതിൽനിന്നും രക്ഷനേടുവാൻ ദൈവം നമുക്ക് അവസരമൊരുക്കിയല്ലോ. ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നതു എത്ര ഭയങ്കരം? (എബ്രായർ 10:31).

(8-ാം പേജിന്റെ തുടർച്ച)

സ്ഥിരമാക്കുന്നത്. വീര്യം കൂട്ടണമെന്നു പറഞ്ഞിരിക്കുന്നു. അതായത് ധാർമ്മിക ശക്തി അഥവാ ഊർജ്ജവും ബലവും വർദ്ധിപ്പിക്കണം ആത്മാവിൽ എരിവും ധാർമ്മിക നിലവാരത്തിൽ ഔന്നത്യവും വേണമെന്നർത്ഥം. പരിജ്ഞാനം കൊണ്ടുദ്ദേശിക്കുന്നത്, ആന്തരികമായ അറിവ്, ഗ്രാഹ്യശക്തി, പ്രായോഗിക ബുദ്ധി എന്നീ കാര്യങ്ങളാണ്. ഇതു നാം വളർത്തി എടുക്കണം. ഇന്ദ്രിയജയം എന്നാൽ നമ്മുടെ അവയവങ്ങളെ നിയന്ത്രിക്കുന്നതിൽ ഉള്ള കഴിവാണ് സൂചിപ്പിക്കുന്നത്. മററുള്ള ആളുകളാലോ വസ്തുക്കളാലോ നാം നിയന്ത്രിക്കപ്പെടുവാൻ അനുവദിക്കാത്ത അവസ്ഥ നാം ആർജ്ജിച്ചെടുക്കണം. പിന്നീട് സത്യത്തിൽ നിലനില്ക്കണമെന്ന ഒരു ഉറച്ച നിലപാട് വേണം. അചഞ്ചലമായ സമീപനം നമുക്കാവശ്യമാണ്. അതാണ് സ്ഥിരത. ദൈവ ഭക്തി അവന്റെ ഹിത പ്രകാരം നാം കൂട്ടിച്ചേർക്കേണ്ട സ്വഭാവമാണ്. സഹോദരന്മാരേയും സഹോദരിമാരേയും ദയാപൂർവ്വം വീക്ഷിച്ച് അവരെ പ്രീതിപ്പെടുത്തുവാൻ തയ്യാറാവണം. സ്വാർത്ഥത വിട്ടുകളഞ്ഞാൽ മാത്രമേ അതു സാധിക്കൂ. സഹോദര വർഗ്ഗത്തെ സ്നേഹിക്കുവാൻ കഴിഞ്ഞാൽ മാത്രമേ ആ സ്വഭാവം നമ്മിൽ വളരുകയുള്ളൂ.

അതിനുശേഷം കൂട്ടേണ്ടതായ ഒന്നാണ് സ്നേഹം. മൂലഭാഷയിൽ ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നതു, സ്നേഹിക്കപ്പെടാനിടയില്ലാത്തവരേയും സ്നേഹിക്കാത്തവരേയും സ്നേഹിക്കുക എന്നതാണ്. യാതൊരു പരിധിയുമില്ലാത്ത സ്വഭാവമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. നേടിയെടുക്കാനോ ഇതിനു യോഗ്യരാകുവാനോ സ്വയമായി ആർക്കും സാദ്ധ്യമല്ല. ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം എത്രമാത്രമുണ്ടെന്ന് കാണിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു. ''സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിയുവാനും പ്രാപ്തരാകയും ദൈവത്തിന്റെ നിറവിനോളം നിറഞ്ഞുവരികയും വേണം.'' എന്ന് പ്രാർത്ഥിച്ച പൗലോസിനെ പോലെ നമുക്കും ചെയ്യാം. പത്രോസ് പറഞ്ഞതുപോലെ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ ശ്രമിച്ചാൽ നാം ഒരുനാളും ഇടറിപ്പോവുകയില്ല (2 പത്രോസ് 1:10-11).

രണ്ടാമതായി, വെളിപ്പാട് രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ നാം കാണുന്നതു, തുടർച്ചയായി കീഴ്പ്പെടുത്തി ജയിക്കുന്നവരെയാണ് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതു എന്നാണ്. യുദ്ധമില്ലാതെ വിജയമില്ലല്ലൊ. ഇടുങ്ങിയ വാതിലൂടെ കടപ്പാൻ നാം പോരാടേണ്ടിയിരിക്കുന്നു. പലരും കടപ്പാൻ നോക്കും കഴികയില്ലതാനും എന്നു കർത്താവ് മുന്നറിയിച്ചിരിക്കുന്നു. നാം നല്ല പോർ പൊരുതണം. വി

ശ്വാസം കാക്കുകയും ഓട്ടം തികക്കുകയും വേണം (2തീമൊഥെയോസ് 4:7-8). എന്നാൽ നമുക്ക് എങ്ങനെ അതിജീവിക്കാൻ കഴിയും എന്നതാണ് പ്രശ്നം. നമ്മുടെ പാപങ്ങളേയും പിശാചിനേയും എങ്ങനെ ജയിക്കാൻ സാധിക്കും? കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ആണ് ജയിക്കുവാൻ കഴിവുള്ളത്. പൈശാചിക ശക്തിയെ അതിജീവിക്കത്തക്ക ഘടകങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടെങ്കിൽ ഭയപ്പെടാനില്ല.

മൂല ഗ്രന്ഥത്തിലെ ഈ പാഠ്യ വിഷയഘടകങ്ങൾ എന്തെല്ലാമെന്നു നമുക്കു പരിശോധിക്കാം. കുഞ്ഞാടിന്റെ രക്തമാണ് പ്രായശ്ചിത്തമായി തീരുവാൻ യേശുവിനെ ഇടയാക്കിയത്. ''വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാക്കുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു എന്നു പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു (റോമർ 3;25). ദൈവകോപത്തെ ശമിപ്പിക്കുക, സമാധാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അവനെ പ്രസാദിപ്പിക്കുക എന്നതാണ് പ്രായശ്ചിത്തം കൊണ്ട് അർത്ഥമാക്കുന്നത്. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. ക്രിസ്തുവിന്റെ രക്തം ദൈവകോപത്തെ നിയന്ത്രിക്കുക മാത്രമല്ല; നമ്മുടെ പാപങ്ങളെ കഴുകി നമ്മെ വീണ്ടെടുക്കുക കൂടെ ചെയ്യുന്നു. അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്. അത് അവന്റെ കൃപാധനത്തിനൊത്തവണ്ണം തന്നേ. നമ്മുടെ പാപം പോക്കി നമ്മെ വിടുവിക്കുന്ന ഭൂരാജാക്കന്മാർക്കു അധിപതിയായ യേശുക്രിസ്തു നമുക്കു കൃപയും സമാധാനവും നൽകുന്നു.

പിന്നീട് അവന്റെ സാക്ഷ്യത്തിന്റെ വചനവുമുണ്ട്. ജയിച്ചവൻ സുവിശേഷം നശിച്ചു കൊണ്ടിരിക്കുന്നവരോട് വിനിമയം നടത്തുവാൻ മുഴുവനായും സമർപ്പിക്കപ്പെടണം. 'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. യോഹന്നാൻ കണ്ടതായ ദർശനത്തിൽ അവൻ രേഖപ്പെടുത്തിയിരിക്കുന്നതു ''നീ അറുക്കപ്പെടുന്ന നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും, ജാതിയിലും നിന്നുള്ളവരും ദൈവത്തിനായി വിലെക്കു വാങ്ങി എന്നതാണ്. തുടർന്നു അവൻ അഞ്ചാം മുദ്രപൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻ കീഴിൽകണ്ടു. ഭൗതികമായ ഉപദ്രവമോ പീഢനമോ നേരിടുമ്പോൾ നാം അതിനെ

അതിജീവിക്കണം. നിർഭയമായി നേരിട്ടാൽ ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കും.

ദൈവത്തിനുവേണ്ടി തങ്ങളുടെ ജീവൻ നല്കുന്നതിലൂടെ ക്രിസ്തുവിനെ അനുഗമിക്കുന്നവർ വിജയശ്രീലാളിതരാവുന്നു. അവർ ജീവിക്കുന്നുവെങ്കിലും മരിക്കുന്നുവെങ്കിലും അതു ദൈവത്തിനുവേണ്ടിയാകണം. അതിനു ഒരുത്തമോദാഹരണമാണ് പൗലോസ്. അവൻ പറഞ്ഞതു ശ്രദ്ധിക്കുക 'എനിക്കു ജീവിക്കുന്നതു ക്രിസ്തുവുംമരിക്കുന്നതു ലാഭവുമാകുന്നു. എൻെറവേലെക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കുകാംക്ഷയുണ്ട്. അതു അത്യുത്തമമല്ലൊ. കൊരിന്തിലുള്ള സഹോദരങ്ങളെ ഉത്തേജിപ്പിക്കുന്നതു നോക്കുക''. ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപോകയും ചെയ്യും (2 കൊരിന്ത്യർ 12:15). തന്നേക്കാം അധികമായി യേശുക്രിസ്തുവിനേയും അവൻെറ സഭയെയും സ്നേഹിക്കുന്നവൻ തീർച്ചയായും വിജയം കൈവരിക്കും.

## ക്രിസ്തുവിനെ വിവാഹം ചെയ്തവർ

മൂന്നാമതായി, കർത്താവിൽ മരിക്കുന്നവർ സ്വർഗ്ഗത്തിൽ പോകും. പത്മോസ് ദ്വീപിൽ വെച്ച് യോഹന്നാനു കിട്ടിയ വെളിപ്പാട് പറയുന്നതു, ''ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു. അതു പറഞ്ഞതു, ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ, അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു, അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു. എന്നാൽ ഒരാം കർത്താവിൽ ആയി തീരുന്നതെങ്ങനെ? വിശ്വാസത്താലും മാനസാന്തരത്താലും പാപമോചനത്തിനായുള്ള സ്നാനത്താലും നാം ക്രിസ്തുവിനോടു ചേരുന്നു (റോമർ 10:10; ഗലാത്യർ 3.26, 27; പ്രവൃത്തി 11:18; റോമർ 6:3-6). കർത്താവിൽ മരിക്കുന്നവർക്കു മരണം ഒരു അനുഗ്രഹമാണ്. ക്രിസ്തുവിൽ ആയിതീർന്നവർക്കു നിത്യ വിശ്രമം ലഭിക്കും. ക്രിസ്തുവിലാകാത്തവർക്കു മരണം നിത്യമായ വേദനയുളവാക്കുന്ന ഒരു സംഭവമായി മാറുന്നു.

അവസാനമായി, യോഹന്നാൻ പറയുന്നു. 'നാം സന്തോഷിച്ചു ഉല്ലസിച്ചു, അവന്നു മഹത്വം കൊടുക്കുക. കുഞ്ഞാടിൻെറ കല്യാണം വന്നുവല്ലോ. അവൻെറ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവരംക്കു ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികരം തന്നേ. പിന്നെ അവൻ എന്നോടു കുഞ്ഞാടിൻെറ കല്യാണ സദ്യക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു എഴുതുക എന്നു പറഞ്ഞു. ഇതു ദൈവത്തിൻെറ സത്യവചനം എന്നും എന്നോടു പറ

ഞ്ഞു (വെളിപ്പാട് 19:7-9) ഈ സന്ദർഭത്തിൽ നിന്നും നാം പഠിക്കുന്നതു, ക്രിസ്തുവിന്റെ മണവാട്ടിയായ സഭ, കുഞ്ഞാടിന്റെ കല്യാണ സദ്യക്കു ഒരു ആകർഷണ കേന്ദ്രമായി മാറും. സഭ എന്നതു ക്രിസ്തുവിന്റെ കാന്തയാണ്. അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേററവനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായ പ്രമാണ സംബന്ധമായി മരിച്ചിരിക്കുന്നു. തിരുവെഴുത്തു പറയുന്നതു ദയവായി വായിക്കുക: ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷന്നു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു (2 കൊരിന്ത്യർ 11:2) നമ്മുടെ പ്രവൃത്തികൾ തീർച്ചയായും നമ്മെ പിന്തുടരും മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചു കണ്ടെത്തുക. പിന്നീട് നിങ്ങൾക്കെന്തു സംഭവിച്ചാലും പ്രശ്നമല്ല.

സ്വർഗ്ഗം നിങ്ങളുടെ ഭവനമായിരിക്കുമോ? ഞാൻ യെഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും എന്നു ദാവീദു പറഞ്ഞതു പോലെ നിങ്ങൾക്കു പറയാൻ കഴിയുമോ? സ്വർഗ്ഗം നിങ്ങളുടെ ഭവനമാകണമെങ്കിൽ ദൈവമായിരിക്കണം നിങ്ങളുടെ പിതാവ്. ദൈവത്തിന്റെ ഭവനത്തിൽ നിങ്ങൾ ജനിച്ചിരിക്കണം. "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ആർക്കും ദൈവരാജ്യത്തിൽ കടപ്പാൻ സാദ്ധ്യമല്ല (യോഹന്നാൻ 3:5). സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കുന്നുവെങ്കിൽ ജീവകിരീടം നിങ്ങൾക്കായി കാത്തിരിക്കുന്നു. "നാം മക്കൾ എങ്കിൽ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആകുന്നു. അവനു ലഭിച്ചതായ തേജസ്സും മാനവും മഹത്വവും വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവത്തെ നിങ്ങൾ അനുസരിക്കുമോ?

ഞാൻ ദൈവത്തെ അനുസരിച്ച് ജീവിക്കുന്നതുകൊണ്ട് മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമെന്ന് എനിക്ക് ഉറപ്പുണ്ട്. നിങ്ങൾ ഇന്നുമരിച്ചാൽ ഈ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് നിങ്ങൾക്കു ഉറപ്പുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനായി ഒരുങ്ങുക.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.
Mondays— 9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI—*Satya Susamachar*—Speaker : Sunny David

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.
Thursdays— 7 : 15 P.M to 7.30 P.M
Fridays — 8 : 00 P.M. to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A,M to 9.15 A.M

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001
Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.
Tuesdays— 5 : 30 to 5 : 45 P M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.
Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth–Speaker Robert Rathnakar–Box. 448, Bangalore-560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Prinetd and Published by P. K. Varghese Church of Chris' Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram—695034